# ഓണപ്പൂക്കൾ

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# ഓണപ്പൂക്കൾ

ഗ്രന്ഥകാരൻ:
ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.
ഇടപ്പള്ളി.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

Digitized By Kerala Sahitya Akademi

First Impression in Chingom, 1120
[Copies—1000]
Reprinted in Mithunam, 1120
[Copies—1000]
Reprinted in Dhanu 1126
[Copies—1000]

*All rights*
*Strictly reserved and kept by*
MRS. SREE DEVI CHANGAMPUZHA
"Sree Devi Mandiram"
EDAPPALLY
(N. Travancore)

Price:—Rupee One

Printed at
The Mangalodayam Press,
Trichur

Digitized By Kerala Sahitya Akademi

# പ്രസ്താവന

"മാതൃഭൂമി ആഴ്ചപ്പതിപ്പി"ലെ ഏതോ ഒരു പുസ്തകാഭിപ്രായോദ്യോഗസ്ഥൻ 'ഓണപ്പൂക്കൾ' ജന്മമെടുത്ത കാലത്തു് ഒരു 'തല്ലൂറി'യെഴുതി വിടുകയുണ്ടായി—ഓണവും തിരുവാതിരയും കഴിഞ്ഞു് വിഷുവരെയെങ്കിലും വാടാതിരിക്കുവാൻ ഓണപ്പൂക്കൾക്കു കഴിഞ്ഞില്ലെങ്കിൽ നിരാശപ്പെടേണ്ടതായിട്ടില്ലെന്നു്. അദ്ദേഹത്തിൻെറ അത്ഭുതാവഹമായ ദീർഘദർശനത്തിൽ ഞാൻ അശേഷം സംശയാലുവായിരുന്നില്ല. പക്ഷേ അടുത്ത ഓണത്തിനു മുമ്പുതന്നെ അവയെ വീണ്ടും പുതുക്കിക്കാണുവാൻ വെമ്പൽ കൊള്ളുന്ന കേരളീയസഹൃദയത്വത്തെ ചോദ്യംചെയ്യുവാൻ കൃതജ്ഞതാകുലമായ എൻെറ ഹൃദയത്തിനു് അല്പം മടിയുണ്ടു്. ഈ ഇടനിലയിൽ, എങ്ങനെയായാലും കാലത്തേയും ലോകത്തേയും വിശ്വസിക്കുന്ന ഒരു കലാകാരൻ ഒട്ടുംതന്നെ അന്ധാളിക്കേണ്ടതായിട്ടില്ല; എന്തുകൊണ്ടെന്നാൽ അവൻെറ ആത്മസത്തയുടെ അംശങ്ങളാണു് അവൻെറ കലാസൃഷ്ടികളെങ്കിൽ എത്രയെത്ര കൊടുങ്കാറ്റുകളേയും അവ അതിജീവിച്ചുകൊള്ളും.

മംഗളോദയം,
തൃശ്ശൂർ.
6—11—1120

ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

*I now am bold to say to the swift changing hours,*
*Pass, pass upon your way, for I grow never old,*
*Fleet to the dark abysm with all your fading flowers,*
*One rose that none may pluck, within my heart hold.*

*Your flying wings may smite, but they can never spill*
*The cup fulfilled of love, from which my lips are wet;*
*My heart has far more fire than you can frost to chill*
*My soul more love than you can make my soul forget.*

VICTOR HUGO

Digitized By Kerala Sahitya Akademi

ഓമനത്തോഴരൊത്തോരോരോ ദിക്കില-
ന്നോണപ്പൂ തേടി ഞാൻ പോയ നാളിൽ,
പിഞ്ചായിരുന്നൊരെൻ ചിത്തത്തിൽ, പുഞ്ചിരി-
തഞ്ചിച്ച മന്നിൻെറ മഞ്ജിമകൾ,
സർവ്വവും മാഞ്ഞുപോയ്, സഞ്ചിതവിജ്ഞാന-
ഗർവ്വമുൾച്ചേർന്നൊരെൻകണ്ണിലിപ്പോൾ!
അന്നരക്കാശെനിക്കില്ലായിരുന്നു, ഞാൻ
മന്ദസ്മിതാസ്യനായ് നിന്നിരുന്നു.
ഇന്നു ഞാൻ വിത്തവാൻ, തോരുന്നതില്ലെൻെറ
കണ്ണുകൾ!—കഷ്ടമിതെന്തു മാററം!
എങ്കിലുമിന്നാ മധുരസ്മൃതികളിൽ
സങ്കല്പമങ്ങനെ സഞ്ചരിക്കെ,
സഞ്ചയിക്കുന്നിതെൻ ചേതന, മേല്ക്കുമേൽ
പുഞ്ചിരിക്കൊള്ളുന്നൊരോണപ്പൂക്കൾ!
തേനില്ലിവയിൽ സുഗന്ധമില്ലെങ്കിലും
കാണുവാൻ കൗതുകമുള്ളിവയെ
ഞാനൊരു മാലയായ്ക്കോർത്തെടുത്തിന്നു മൽ-
പ്രാണനാം ദേവിക്കു കാഴ്ചവെയ്പൂ!
അത്തളിർച്ചുണ്ടിലൊരാനന്ദസുസ്മിതം
തത്തിക്കളിക്കിൽ, കൃതാർത്ഥനായ് ഞാൻ!!....

ഇടപ്പള്ളി, 1119 മിഥുനം 8 }    ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

To read my book. the virg in shy
May blush, while Brutus standeth by:
But when he's gone, read through what's writ,
And never stain a cheek for it i.

*—Lucius Valerius Martialis*

*    *

—I have but suffered for all nature, trees
Whipped by the winds; wan flowers, the ashen sky,
Suffered with all my nerves, minutely, I
Have suffered for my soul's impurities.

*—Jule La Forge*

Digitized By Kerala Sahitya Akademi

# കവിതകൾ


| | | | പേജ് |
|---|---|---|---|
| 1. | തിരുവില്വാമല | (1119 കുംഭം) | 1 |
| 2. | മനുഷ്യൻ | (1119 ഇടവം) | 4 |
| 3. | ഗൃഹലക്ഷ്മി | (1119 മീനം) | 8 |
| 4. | ഏകാന്തചിന്ത | (1119 മേടം) | 10 |
| 5. | ദേവത | (1119 മകരം) | 12 |
| 6. | അശ്രുപൂജ | (1119 കന്നി) | 15 |
| 7. | കാരാഗൃഹത്തിൽ | (1115 ധനു) | 19 |
| 8. | വിരുന്നുകാരൻ | (1117 ചിങ്ങം) | 21 |
| 9. | പ്രലോഭനങ്ങൾ | (1110 മീനം) | 23 |
| 10. | വൃത്തം | (1119 ഇടവം) | 26 |
| 11. | വിധിയുടെ മുൻപിൽ | (1118 കർക്കിടകം) | 29 |
| 12. | നർത്തകികൾ | (1118 മിഥുനം) | 31 |
| 13. | വിയുക്ത | (1119 മിഥുനം) | 34 |
| 14. | ഗായകൻ | (1111 ഇടവം) | 40 |
| 15. | ആരാധിക | (1115 മേടം) | 45 |
| 16. | ക്ഷമാപണം | (1119 കന്നി) | 50 |
| 17. | ക്ഷാമയക്ഷി | (1118 മിഥുനം) | 52 |
| 18. | ചാരിതാർത്ഥ്യം | (1119 മിഥുനം) | 55 |


Digitized By Kerala Sahitya Akademi

വൻപിച്ച ഫലവൃക്ഷ-
മൊന്നുമി,ല്ലെന്നാലെന്തീ-
ച്ചെമ്പനീർപ്പൂന്തോപ്പെനി-
ക്കേകിയല്ലോ, ഹാ, ദൈവം!!...

—ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# തിരുവില്വാമല

ശ്രീവില്വാശൈലമേ, വെല്ക: നിൻനിസ്തുല-
ശ്രീവിലാസത്തിൻമയൂഖമതല്ലികൾ,
സപ്തവർണ്ണസ്വപ്നചിത്രങ്ങൾ വീശുന്നി-
തിപ്പൊഴുമോർമ്മതൻ ചില്ലിൽപ്പതിഞ്ഞിതാ!
വിശ്രമം പച്ചത്തണൽവിരിച്ചുള്ള നിൻ-
വിസ്തൃതവക്ഷസ്സി,ലാത്തമഹർഷാർദ്രരായ്,
ഞാനു,മെൻപ്രാണനാമോമൽസഖാക്കളും
വാണൊരാ രംഗമോർത്താടുന്നു മാനസം!
ചെങ്കതിർച്ചാർത്താൽ,കുണുങ്ങും മരങ്ങളെ-
കുങ്കുമം ചാർത്തിച്ചണയുന്നൊരന്തികൾ,
ശ്യാമോജ്ജ്വലങ്ങളശ്ശൈലശീർഷങ്ങളിൽ
പ്രേമപുരസ്സരം ചുംബിച്ചു നില്ക്കവേ,
വിശ്വസൗന്ദര്യം മുഴുവനും ചേർന്നൊരു
വിസ്മയചിത്രം വിരാജിപ്പൂ ഭൂമിയിൽ!
വീക്ഷണോല്ലാസദമായ് വിലസുന്നൊരാ
'രാക്ഷസപ്പാറ'യിലേറിനിന്നങ്ങനെ,
ചുറ്റുപാടും കണ്ണയയ്ക്കുകിലക്ഷണ-
മറ്റുപോകാതില്ലൊരല്ലലും മർത്ത്യരിൽ.
പൊല്ക്കതിർപ്പൂമഴച്ചാർത്തിലന്തിക്കൊരു
നല്ക്കനകാലയം തന്നെയാണസ്ഥലം!
ദൂരത്തു ദൂരത്തണിയിട്ടു വിണ്ണിന്റെ
മാറത്തുരുമ്മുമക്കുന്നിൻമുടികളും;



Digitized By Kerala Sahitya Akademi

ചിത്രം വരച്ചപോൽ സിന്ദൂരമേഘങ്ങ-
ളെത്തിപ്പിടക്കാനൊരുങ്ങും മരങ്ങളും;
നേരിയ രാജതരേഖപോൽ മിന്നുന്ന
ഭാരതഭാസുരശ്രീലസ്രവന്തിയും;
ചുറ്റും, മരതകപ്പച്ച വിരിച്ചിട്ടൊ-
രറ്റം പെടാത്തൊരാ നെൽച്ചെടിപ്പാടവും;
ചാരുചാമീകരസോപാനമോഹന-
ശ്രീരാമലക്ഷ്മണശ്രീമയക്ഷേത്രവും;
നാസ്തികന്മാരെയും ഭക്തിയിൽ മുക്കമ-
സ്തോത്രഘോഷങ്ങളും, സ്വർണ്ണദീപങ്ങളും,
തെല്ലും വിരാമംപെടാതെ, മേന്മേൽ,ത്തിര-
തല്ലി മുഴങ്ങുമക്ഷേത്രമണികളും;
ശുഭ്രവസ്ത്രാലംകൃതോജ്ജ്വലാംഗാഭയിൽ
വിഭ്രമിപ്പിക്കുന്ന വിദ്യോതിനികളും;—
സന്ധ്യയ്ക്കിവയൊക്കെയൊന്നിച്ചുചേർന്നൊരു
ഗന്ധർവ്വലോകമാണാശ്ശൈലമണ്ഡലം!
ആ നാടിനെക്കുറിച്ചോർക്കുമ്പോളിപ്പോഴ-
മാനന്ദനൃത്തമാടുന്നു മന്മനം!!....

* * *

കെട്ടഴിച്ചെന്നെ,യെൻശപ്തനഗരമേ,
വിട്ടയച്ചീടുകാ നാട്ടിലേക്കൊന്നു നീ
അത്രമേൽ വീർപ്പുമുട്ടുന്നതുണ്ടിന്നെനി-
ക്കല്പം ശ്വസിച്ചിടട്ടാശ്ശുദ്ധവായു ഞാൻ
എണ്ണയിൽ മുങ്ങിക്കരിന്നയന്ത്രങ്ങളെ
ചിന്നിപ്പടരും പുകച്ചുരുൾച്ചാർത്തിനാൽ,



Digitized By Kerala Sahitya Akademi

കണ്ണെനിക്കുണ്ടല്ലോ, കളിക്കുന്ന—പോകട്ടെ
കർണ്ണികാരങ്ങൾ പൂവിട്ടൊരക്കുന്നിൽ ഞാൻ!
ആവശ്യമില്ലെനിക്കാഡംബരത്തിൻെറ
കോപ്പണിത്തട്ടുകളെന്നുമിജ്ജീവിതം:
പോട്ടേ, സഹർഷം മരച്ചോട്ടിൽ ദൂരെയ-
ക്കാട്ടുപുല്ലുകളിടയൻെറ കൂടെ ഞാൻ.
ഇക്കുഴൽവെള്ളം കുടിച്ചു മടുത്തെനി,-
ക്കക്കാട്ടുചോലയിൽപ്പോയി നീന്തട്ടെ ഞാൻ!
ക്ഷുദ്രമശകശപ്താലാപമല്ലിയെൻ-
നിദ്രയ്ക്കു നല്കുവാനുള്ള നിൻകൈവശം!
മജ്ജീവരക്തം നിനക്കു ഞാനർപ്പിച്ചു
ലജ്ജ തോന്നുന്നു മേ, കഷ്ടം, നഗരമേ!
വന്നിടാം വീണ്ടുമനുശയാധീനനായ്
നിന്നാട്ടുമുത്തശ്ശു ഞാൻ മൽഗ്രാമദേവതേ!

11—7—1119.

വാരുണരംഗമോ?—രക്തപ്രളയമോ?
ദാരുണം, ദൂരെയക്കാൺമതെന്തെന്തു ഞാൻ?
ഉച്ചണ്ഡതാപം വളർത്തിയത്യുച്ചത്തി-
ലുദ്ധതനായുജ്ജ്വലിച്ച മാർത്താണ്ഡനെ,
കുത്തിമലർത്തിക്കടലിലെറിഞ്ഞതാ
രക്താംബരം ചാർത്തി നിൽപൂ മുകിലുകൾ!
ശാന്തിതൻ നേരിയ മന്ദസ്മിതം മുഖ-
ത്തേന്തി,ക്കണുങ്ങിയണയുന്നു താരകൾ.
ഏതോ നവീനസമുൽക്കർഷദേവത-
യ്ക്കാതിത്ഥ്യമേകാനൊരുങ്ങുന്നമാതിരി!!....

9—3—1113.



Digitized By Kerala Sahitya Akademi

## മനുഷ്യൻ

ജന്മജന്മാന്തരപുണ്യപുഷ്പവല്ലിതൻ-
പൊൻമലരാണത്രേ മർത്ത്യജന്മം.
തുഷ്ടിയാർന്നീശ്വരൻ തൻപ്രതിരൂപമായ്
സൃഷ്ടിച്ചതാണുപോൽ മാനുഷനെ.
നേരാണതെങ്കിലോ, നൂന,മദ്ദൈവത്തിൻ
പേരു കേട്ടാൽ മതി പേടിയാവാൻ.
നിസ്സാരനീ നരൻപോലുമിമ്മട്ടൊരു
നിസ്സീമസംഹാരമൂർത്തിയായാൽ,
ശപ്തമാം തൽസർഗ്ഗസിദ്ധിക്കു താങ്ങായ
ശക്തിതൻ ശക്തിയെന്തായിരിക്കും!

പാഷാണമാത്രാത്മസത്ത്വനാം ഭീകര-
പാതകമൂർത്തിയാമിമ്മനുഷ്യൻ,
ദൈവപ്രതിരൂപമാണെങ്കിലത്തരം
ദൈവത്തിനെപ്പിന്നെയാർക്കു വേണം?
മർത്ത്യനോ മൂഢനാ,ണായിട,ട്ടോർന്നോക്കിൽ
മർത്ത്യനെക്കാൾ മൂഢനീശ്വരൻതാൻ:
ആ മർക്കടത്തിന്റെ കൈയി,ലീ ലോകമാം
പൂമാല,യല്ലെങ്കി,ലെന്തിനേകി?
ആ വെട്ടുപോത്തിൻചെവിയിലോ, ശാന്തിതൻ
പാവനവേദമേ, നിൻപതനം?

മണ്ണട്ടതൊട്ടു പലേപലേ ജന്മങ്ങൾ
മന്നിലെടുത്തെടുത്തങ്ങൊടുവിൽ;
മർത്ത്യരൂപത്തെയാത്മാവു കൈക്കൊൾവതീ
രക്തപാനത്തിനാണെന്നിരിക്കിൽ,



Digitized By Kerala Sahitya Akademi

# മനുഷ്യൻ

ജന്മങ്ങൾതൻ ചങ്ങലയിലൊട്ടുവിലെ-
കണ്ണിയായെണ്ണുമീ മർത്ത്യജന്മം,
മറെറാരു ജീവിയും ചെയ്യാത്ത ധർമ്മങ്ങൾ
മുററിത്തഴയ്ക്കുവാൻ മാത്രമെങ്കിൽ,
ദിഗ്ജയംചെയ്തു മദിച്ചിടും മർത്ത്യത,
ലജ്ജ തോന്നുന്നു നിൻനേരെ നോക്കാൻ!

ജീവജാലങ്ങളിലൊക്കെയല്പാല്പമായ്
താവിയിട്ടുള്ളാത്തമോമയാംശം,
ഒന്നിച്ചുകൂട്ടിക്കലർത്തിക്കുഴപ്പിടി-
ച്ചൊന്നാദ്യമീശ്വരൻ വാർത്തുനോക്കി.
കത്തി,ല്ലതാണു ചെകുത്താ,നവനില-
ന്നൊട്ടിപ്പിടിച്ചില്ലസൂയമാത്രം!
എന്നാ,‘ല്ലിളംപത’മാകയാ,ലുള്ളിനു
വന്നീല വേണ്ടത്ര കാഠിന്യവും!
അക്കുറവൊക്കെപ്പരിഹരി,ച്ചന്ത്യത്തി-
ലിക്കാണും മർത്ത്യനെത്തീർത്തു ദൈവം.
ചെന്നായ, ചീങ്കണ്ണി, പോത്തു, ചീററപ്പുലി,
പന്നി, പാ,മ്പോന്തൊ,ക്കെയുണ്ടവനിൽ!
സ്രഷ്ടാവുപോലും ഭയംമൂലമായിടാം
വിട്ടുകൊടുത്തതവനു വിശ്വം!

ആദർശഗംഗയ്ക്കുറവായി വർത്തിച്ചോ-
രാദികവിതൻവിശുദ്ധചിത്തം;
ബന്ധുരരാഘവസീതാദിചിത്രങ്ങ-
ളെന്തിനീ മണ്ണിൽ വരച്ചുകാട്ടി?



Digitized By Kerala Sahitya Akademi

## ഓണപ്പൂക്കൾ

എല്ലാരും കണ്ടിട്ടു,ണ്ടെല്ലാരും കാണുന്നു-
ണ്ടുല്ലാസപൂർവ്വമാ രാഘവനെ;
എന്നാൽ,ശ്ശതാബ്ദങ്ങളെത്ര ശ്രീരാമനെ
മന്നിലിതുവരെക്കണ്ടുമുട്ടി?
ഒന്നല്ല, പത്തല്ലൊ,രായിരം രാവണ-
ന്നന്നുമുണ്ടിന്നുമുണ്ടിജ്ജഗത്തിൽ!
ലാലസിച്ചീടുന്നിതായിരം വേശ്യകൾ
ശീലാവതീകഥ പാടിപ്പാടി!
ജീവൻ മടിപ്പൂ സുഖമദിരാപ്തിയിൽ
നാവിലോ, ഗീത തപസ്സുചെയ്യൂ!
മംഗളാദർശമയൂഖശതങ്ങളേ,
നിങ്ങളലയുന്നു കൂരിരുളിൽ!
ആളില്ല നിങ്ങളെ പ്രാണനിൽച്ചേർത്തണ-
ച്ചാലിംഗനംചെയ്യാനിന്നുലകിൽ!

ചെന്നായക്കുട്ടിയും മററു ചെന്നായിനെ-
ക്കൊന്നുതിന്നാട്ടഹസിപ്പതില്ല.
മർത്ത്യനോ, മർത്ത്യന്റെ രക്തം കുടിക്കണം
മർത്ത്യന്റെ—ബുദ്ധിമാനല്ലി മർത്ത്യൻ?
എല്ലാമവന്റെയാ,ണീശ്വരൻകൂടിയും
പുല്ലാണവ,നവനെന്തു കേമൻ!
ആകാശദേശത്തു,മാഴിക്കടിയിലു-
മാകുമവന്നു പോയ് വേട്ടയാടാൻ!
രക്തം കുടങ്ങളൊഴിച്ചൊഴിച്ചങ്ങനെ
ശക്തിദ്രുമത്തിനു വേരുറച്ചാൽ,



Digitized By Kerala Sahitya Akademi

ചന്തത്തിൽ ശാഖോപശാഖകൾ ചേർന്നു
പന്തലിച്ചങ്ങനെ ലാലസിച്ചാൽ,
വിശ്രമിയ്ക്കാമല്ലോ ലോകത്തി,നായതിൻ-
വിദ്രുമശീതളച്ഛായയിങ്കൽ!
എന്തിത്ര വെമ്പൽ, നിനക്കായി ലോകമേ,
സുന്ദരസ്വപ്നങ്ങൾ കാത്തുനില്പൂ!
അല്പവുംകൂടി ക്ഷമിയ്ക്കു,കൽക്കഷ്ത്തിൻ-
തല്പമവനിപ്പോൾ സജ്ജമാക്കും.
ശാന്തിതൻപട്ടു വിരിയ്ക്കുവാനാണവ-
നേന്തി നില്ക്കുന്നതാ രക്തഖഡ്ഗം.
സുന്ദരസ്വപ്നങ്ങൾ കാൺകെ,യവനോടു
നന്ദിയോതാൻ, നീ മറക്കരുതേ!

3—10—1119.

അടിയൻെറ വീട്ടിലെപ്പട്ടിണി തീക്കുവാ-
നവിടുത്തേയ്ക്കാവില്ല തമ്പുരാനേ!
അതു പോക്കാൻ കഴിവുള്ളോൻ മുകളിലാ,ണദ്ദേഹ-
മറിയില്ലതെങ്കിലോ, വേണ്ട പോട്ടെ!
അഗതികളടിയങ്ങളടിയട്ടേ ചുടുകാട്ടി-
ലതുകൊണ്ടീ ലോകത്തിനെന്തു ചേതം?
അവിടുത്തേയ്ക്കിതുവിധം തിരുവുള്ളക്കേടിനൊ-
രപരാധമടിയനെന്താചരിച്ചു?
പരമാത്മമറിയാതെ പലരോതും മൊഴികേട്ടി-
പ്പഴിയെല്ലാമടിയൻെറ തലയിൽ വെച്ചാൽ,
സകലതും കാണുവാൻ മിഴിയുള്ളോരുടയോനു
സഹിയില്ലതൊരുനാളും തമ്പുരാനേ!!

7—4—1113.



Digitized By Kerala Sahitya Akademi

# ഗൃഹലക്ഷ്മി

അകളങ്കാനന്ദത്താ-
    ലിത്ര നാളെന്നാത്മാവി-
ലമലേ, പേർത്തും പേർത്തും
    പുളകം പൂശിച്ചു നീ!

എങ്ങനെ മറക്കും ഞാൻ
    പ്രാണനാളത്തോടൊട്ടി-
ത്തങ്ങിനിന്നിടും നിത്യ-
    മംഗളാസ്പദേ, നിന്നെ?

ദിവ്യാത്മബന്ധം ലോകം
    മറെറാന്നായ് വ്യാഖ്യാനിക്കാം
ദൈവത്തിൻമുന്നിൽ, പക്ഷേ
    തെററുകാരല്ലല്ലോ നാം!

അതിനാലധീരമ-
    ല്ലെൻമനമൊട്ടും ലോക-
ഗതികണ്ടിട്ടുള്ളിട-
    ഞ്ഞല്ലലിലടിഞ്ഞാലും.

ഭൂവിൽ ഞാൻ നിന്നെക്കണ്ടു-
    മുട്ടിടാതിരുന്നെങ്കിൽ-
ജ്ജീവിതസൗന്ദര്യം ഞാ-
    നറിയാതിരുന്നേനേ!



Digitized By Kerala Sahitya Akademi

നിസ്വാർത്ഥസ്നേഹാമൃത-
    മാധുര്യ്യം, നീയാണാദ്യം
നിസ്വനാമെന്നെ സ്വദി-
    പ്പിച്ചതീ പ്രപഞ്ചത്തിൽ.
നിന്നിലൂടീക്ഷിപ്പൂ ഞാൻ
    സ്ത്രീത്വത്തിൻ മാഹാത്മ്യത്തെ
നിന്നിലൂടാരാധിപ്പൂ
    ശക്തിയെസ്സസ്നേഹം ഞാൻ!

സന്തതം നവരക്ത-
    പുഷ്പസഞ്ചയ,മെന്റെ
സങ്കല്പം, നിൻതൃക്കാല്ക്ക-
    ലർച്ചിച്ചുനിൽപ്പൂ, ദേവി!!… … …

---

14—8—1119.

വനനീലിമയെപ്പുണർന്നുട-
ത്തണയും കോകിലകൂജനങ്ങളേ,
പ്രണയാകുല ഞാ,നശേഷമി-
ന്നനുമോദിക്കുകയില്ല നിങ്ങളെ!

വികസിച്ചു വിലാസസുസ്മിതം
വിതറീടും നവകോരകങ്ങളേ,
വിരഹാകുല ഞാൻ, ക്ഷമിക്കുവിൻ
വിഗണിച്ചീടുകിലിന്നു നിങ്ങളെ!

അനുഭൂതികൾ വീശി നിന്നൊര-
ക്കനകപ്പൂങ്കതിരസ്തമിച്ചിതോ?
ഇനി വീണ്ടുമുദിക്കുകയില്ലയോ
തനിയേ നീ തളിരിട്ട ഭാഗ്യമേ?

22--10—1113.



Digitized By Kerala Sahitya Akademi

## ഏകാന്തചിന്ത

മങ്ങുന്നു, മായുന്നു, ജീവിതപ്പൂവിന്റെ
ഭംഗിയും കാന്തിയും—ദുഃഖിച്ചിടുന്നു ഞാൻ!
സങ്കടം ലോകം, തണുത്തു നിർജ്ജീവമായ്-
സ്സങ്കല്പവും—ഹാ, ഗതിയെനിക്കെന്തിനി?
ഏകാന്തതയി,ലിരുളിന്റെ വക്ഷസ്സി,-
ലേവം തല ചായ്ച്ചിരുന്നു കേഴട്ടെ ഞാൻ!

കത്തി നിലാത്തിരി, കൂരിരുട്ടിൽക്കുറെ-
സ്വപ്നങ്ങൾ പാറി, തമസ്സായി പിന്നെയും.
നോവുന്നു മാനസ,മെന്തിനായല്ലെങ്കി-
ലാവിർഭവിച്ചതസ്വർണ്ണമരീചികൾ?
ഹാ, ലോകദൃഷ്ടിയിൽ, ഭാഗ്യവാനു,ന്മേഷ-
ശീലൻ, സ്ഥിരോത്സാഹി, സർവ്വജ്ഞുമാണു ഞാൻ;
ഒട്ടും വിചാരിച്ചിരിക്കാതെ നാണയ-
ത്തുട്ടുകൾ തത്തിക്കളിപ്പിതെൻ കൈകളിൽ;
ആവശ്യമെന്തും യഥേഷ്ടം നിറവേററി
ട്ടാനെനിക്കില്ല വിഷമമൊരല്പവും;
എൻപടിവാതില്ക്കലെൻ പരിചര്യയ്ക്കു
കുമ്പിട്ടുനില്ക്കുന്നു ഭാഗ്യാനുഭൂതികൾ;
എങ്കിലും, നൊന്തിടുന്നെന്തിനോവേണ്ടിയി-
ന്നെൻ കര,ളയ്യോ, പരിത്യക്തനാണു ഞാൻ!—
അല്ലേതരോൽക്കർഷശൃംഗത്തിലാണെത്തി-
നില്പു;-തെന്നാലും പരാജിതനാണു ഞാൻ!—



Digitized By Kerala Sahitya Akademi

### ഏകാന്തചിന്ത

ഇച്ഛിച്ചിടുമ്പോൾ മരിക്കാൻ കഴിഞ്ഞെങ്കി-
ലെത്ര മധുരമായ്ത്തീർന്നേനെ ജീവിതം!
ഇല്ല പൊരുത്തം പ്രപഞ്ചവും ഞാനുമാ-
യല്ലെങ്കിലെന്തിനീയാത്മഹോമോദ്യമം?
മിത്ഥ്യയാണെന്തും, യഥാർത്ഥമായുള്ളതാ
മൃത്യുമാത്രം — ഹാ, മരിക്കാൻ കൊതിപ്പു ഞാൻ!
സ്വപ്നങ്ങൾപോലും ചലനമേകാത്തൊരാ
സ്വർഗ്ഗീയനിത്യസുഷുപ്തിയിലങ്ങനെ,
വിശ്രമിക്കട്ടേ, വിപത്തുകൾ മർദ്ദിച്ചു
വിഫലമാക്കിച്ചമച്ചൊരെൻ ജീവിതം!
ഇല്ല വിലയതിന്നാവഴിവക്കിലെ-
പ്പുല്ലോളമെങ്കിലും — ലോകമേ, പോട്ടെ ഞാൻ!

ഹാ, വെറുക്കപ്പെടാൻ മാത്രമാണീശ്വരൻ
ഭൂവിലേയ്ക്കെന്നെ നിയോഗിച്ചതീവിധം.
ശത്രുവായ്ത്തീരുന്നു, ഞാനൊട്ടടുക്കുമ്പൊ-
ളുറ്റ ബന്ധുക്കൾക്കുപോലു,മെന്തത്ഭുതം!
സ്നേഹിക്കുവാനില്ലൊരാളും, വിവിക്തമെൻ-
ഗേഹം — തമസ്സിലടിഞ്ഞുവീഴുന്നു ഞാൻ!
നഷ്ടസൗഭാഗ്യസ്മൃതികളിലെങ്കിലു-
മൊട്ടിപ്പിടിക്കാനുമൊത്തിടുന്നില്ല മേ!

വേഗം യവനിക വീണു, വിശ്വത്തിലി-
ശ്ശോകാന്തനാടകം തീരാൻ കൊതിപ്പു ഞാൻ!!......

7—9—1119

—o—



Digitized By Kerala Sahitya Akademi

ഒരുപക്ഷേ, കാലത്തിൻ കല്പനയാ-
ലിരുവർ നാമന്യോന്യം വേർപിരിഞ്ഞാൽ,
ശിഥിലമായ്ത്തീരില്ലേ ശാലിനി, നാം
ശിരസാ നമിപ്പുമീയാത്മബന്ധം?

അനഘമെൻ മുജ്ജന്മപുണ്യപൂരം
അനുഭവാകാരമെടുത്തപോലെ;
മുകുളിതം മാമകഭാഗധേയം
മുഴുവനുമൊന്നായ് വിടർന്നപോലെ;
അഴകിനെപ്പുല്കുമെൻപൊൻകിനാക്ക-
ളടിമുടി പൂത്തുതളിർത്തപോലെ;
അമൃതസാന്ദ്രാമലാർദ്രാംശുവായി-
ട്ടവതരിച്ചെത്തി നീയപ്സരസ്സേ!

പലപല ജന്മങ്ങൾക്കപ്പുറംതൊ-
ട്ടുലകിൽ നീയെൻ പ്രാണനായിരുന്നു
ഇതുവരേക്കെന്തിനായ്പ്പിന്നെ,യേവം
ഇരുളിൽ നീയൊററയ്ക്കൊളിഞ്ഞുനിന്നു?
വിരലിതാർദ്രാശയമായി വീണ്ടും
വിധിവശാൽ നാമിദം കൂട്ടിമുട്ടി!

വിജനതയിങ്ക,ലെൻ വിശ്രമങ്ങൾ
വിരചിപ്പൂ നിൻ ചിത്രവിഭ്രമങ്ങൾ.



Digitized By Kerala Sahitya Akademi

വിവശമെൻ ചിത്തത്തിനസ്സുഖങ്ങൾ
വികസിതശ്രീമയവിസ്മയങ്ങൾ!
നിനവിന്റെ നീലനികുഞ്ജകത്തിൽ
നിറനിലാവായി നീയാഗമിച്ചു,
ചിതമോടുയർന്നും, തളർന്നടിഞ്ഞും
ചിറകടിക്കുന്നിതെൻ ചിത്തഭൃംഗം!
മഹിതമയൂഖമതല്ലികേ, നീ
മലരണിയിപ്പൂ, ഹാ, മന്മനസ്സിൽ!
മദകലിതോജ്ജ്വലമാകുമേതോ
മധുരപ്രതീക്ഷയിൽ മഗ്നമായി,
തളരുമെൻ ചേതന മാറിമാറി-
ത്തഴുകുന്നു തങ്കക്കിനാവുകളെ!

ഒരു പക്ഷേ, സർവ്വവും മിഥ്യയാകാം;
ഇരുളിൽ ഞാൻ വീണ്ടുമടിഞ്ഞുചേരാം;
സവിധത്തിലെത്തുമിസ്സ്വപ്നമെല്ലാം
സലിലരേഖോപമം മാഞ്ഞുപോകാം;
മൃതഭാഗ്യദശാലോലനായ് ഞാൻ
സ്മൃതികളെ മേലിൽച്ചെന്നാശ്രയിക്കാം; —
പരിഭവമില്ലെനിക്കെങ്കിലും, ഞാൻ
പരിതൃപ്തൻതന്നെയാണെന്തുകൊണ്ടും!

അനഘേ, നിൻനിത്യസ്മരണയിലെ-
ന്നകളങ്കസ്നേഹം പ്രതിഫലിക്കിൽ,
ഇനിയൊരുനാളും ഹതാശനാവാ-
നിടയാവുകില്ലെനിക്കോമലാളേ!



Digitized By Kerala Sahitya Akademi

## ഓണപ്പൂക്കൾ

വിടരട്ടു ദേവി, നിൻമുന്നിൽ നിത്യം
വികസിച്ചു നില്ക്കട്ടെ മംഗളങ്ങൾ!
അനുപമസൗഭാഗ്യശൃംഗകത്തി-
ലധിരൂഢയായ്, നീ ലസിക്കൂ നീണാൾ!!

2—6—1119

---

കഷ്ടം, മനോഹരി; നാമോർത്തിരിക്കാതെ
വിട്ടുപോയല്ലോ വസന്തവും പൂക്കളും!
ശങ്കിച്ചതേയി,ല്ലൊട്ടുമൊരിക്കല-
സ്സങ്കല്പസാന്ദ്രമാം നിർവൃതിയെന്നു നാം.
കൃത്യശതങ്ങളെ നീന്തിനീന്തിക്കട-
ന്നെത്ര ദൂരത്തു നാം വന്നുചേർന്നു, സഖി!
സ്വപ്നങ്ങൾകൊണ്ടു, നാം രണ്ടുപേരും സ്വയം
സ്വർഗ്ഗം രചിക്കുവാൻ മത്സരിച്ചില്ലയോ?
ഇന്നതിൻജീർണ്ണിച്ചൊരസ്ഥിമാടംപോലു-
മൊന്നു കാണാൻ നമുക്കൊത്തെങ്കി,ലോമനേ!!

6—11—1119



Digitized By Kerala Sahitya Akademi

## അശ്രുപൂജ

(യശശ്ശരീരനായ 'പാറപ്പുറത്തു സഞ്ജയ'ൻെറ
പാദസരോജങ്ങളിൽ)

അനുമോദനം വെറും വ്യർത്ഥം, ഹാ, ചി-
ന്നനുശോചനത്തിനെന്തർത്ഥം?
ശരിയാണതെങ്കിലും ദുഃഖം വന്നാ-
ലറിയാതെ കേണുപോമാരും.
നരനുമാത്രം മന്നിൽ നല്കീ ദൈവം
നവനവഹാസവിലാസം.
അതുമൂലമായിടാം കഷ്ട,മവ-
നധികം കരയുവൻ യോഗം!

* * *

ഉതിരുമീക്കണ്ണീരൊടൊന്നൊപ്പാൻപോലു-
മുയരുന്നതില്ലിന്നു കൈകൾ.
ഇടനെഞ്ഞു പൊട്ടുമാ,റയ്യോ, കേട്ടൊ-
രിടിവെട്ടതെന്തായിരുന്നു!
മരണത്തിനിത്രയ്ക്കുമാത്രം കെല്പീ
മഹിയിലുണ്ടെന്നാരറിഞ്ഞു!
ഇനിയൊരുനാളിലും ഹർഷത്തിൻെറ
കനകച്ചിറകുകൾ വീശി,
മഹിമകൾ പൂത്തും തളിർത്തും നില്ക്കും
മലയാളത്തിൻമലർക്കാവിൽ,
ഫലിതാത്മകങ്ങളാം ചിന്താചിത്ര-
ശലഭങ്ങളെത്തുകില്ലെന്നോ!



Digitized By Kerala Sahitya Akademi

സുഖദസുഷുപ്തിയിൽ സ്വപ്നത്തിൻറ
സുലളിതാംശുക്കൾക്കിടയിൽ,
മദഭരിതോജ്ജ്വലനൃത്തം ചെയ്തു
മതിമയക്കീടിനശേഷം,
ഇരുളും വെളിച്ചവും പുല്കിപ്പുല്കി-
പ്പിരിയുമക്കാല്യോദയത്തിൽ,
അകലുമൊരപ്സരസ്സിൻകാൽച്ചില-
മ്പണിയുന്ന ശിഞ്ജിതംപോലെ,
മറയാനിടയായിതെന്നോ, മന്നിൽ
മഹിതമാം സ്സൗഞ്ജയ നാമം!
ഇനിയൊരുനാളുമതുവൽത്തുമ്പോ-
ന്നിളകുവാനൊക്കുകില്ലെന്നോ?
കഠിനം, കഠിനം, ജഗത്തേ, നിൻറ
കഥയി,തോക്കുമ്പോളസഹ്യം!

* * *

ഇനിയെന്തി,നൊക്കെയും തീൎന്നു, പുഷ്പ-
വനികയിൽ ഗ്രീഷ്മം കടന്നു.
തളിരും മലരും കൊഴിഞ്ഞു, മര-
ത്തണലുകളെല്ലാം മറഞ്ഞു.
നിറയുന്നു ചുററിലും മൗനം, നേൎത്ത
ചിറകടിപോലുമില്ലെങ്ങും.
സകലതും ശൂന്യം, വിവിക്തം, മൂകം
വികലം വിഷാദാഭിഷിക്തം!
മരണമേ, നിൻജീവദാഘാതത്തിൻറ
മറുവശത്തുള്ളൊരിച്ചിത്രം!—



Digitized By Kerala Sahitya Akademi

അരുതിതൊരുന്നോക്കുവാൻപോലു,മില്ലി-
ല്ലറുതി നിൻതൃഷ്ണയ്ക്കു തെല്ലും!

*   *

ഒരു നെടുവീർപ്പു വിടാതെ, കണ്ണി-
ലൊരുതുള്ളിക്കണ്ണീർ വരാതെ,
അകലെ, സ്വാതന്ത്ര്യമായ്, പൊട്ടിച്ചിരി-
ച്ചവിടുന്നു നിന്നു, മഹാത്മൻ!
എരിയും മനസ്സിലമൃതം പെയ്തു
പരിചിൽത്തൂവാമുജ്ജ്വലഹാസം.
അവിടുന്നൊരക്ഷരം മിണ്ടുമ്പൊഴു-
ള്ളഖിലരും പൊട്ടിച്ചിരിച്ചു.
ദുരിതങ്ങളെല്ലാം മറന്നു, ഹർഷ
ഭരിതരായ് മുന്നിൽ നിന്നു.
അറിവീ,ലിതെന്തിന്ദ്രജാലം! — മുന്നി-
ലവിടുന്നു കാണിച്ചു ലോകം —
ചിരിയുടെ ലോകം — ആ ലോകത്തേയ്ക്കു
ചിറകു വിടുർത്തുന്നു ചിത്തം!
ഹലമെ,ന്തതെല്ലാം കഴിഞ്ഞു, വെറും
ചലനചിത്രംപോൽ മറഞ്ഞു.
സ്മിതഹർഷാർദ്രമച്ചിത്തംപോലു-
മൊരുപിടിച്ചാമ്പലായ്ത്തീർന്നു!
ഹതഭാഗ്യ,രയ്യോ, കുതിർത്തീടുന്നി-
തതുപോലും ഞങ്ങൾ കണ്ണീരിൽ!! —

*   *   *



Digitized By Kerala Sahitya Akademi

മിഴിനീരുകൊണ്ടെന്തു കാര്യം?—മാഞ്ഞാ
മഴവില്ലതെന്നോലും മാഞ്ഞു!
അതുലമാം ശാന്തിതൻനിത്യോത്സവ-
മതിനിനി നേരുക നമ്മൾ!

*　　　　*　　　　*

മലയാളത്തിൻെറ ഫലിതം ചാർത്തും
മണിമാലകൾക്കു നടുവിൽ,
മരതകപ്പച്ചപ്പതക്കം തൂക്കീ
മഹനീയ'സഞ്ജയ'നാമം!
വിമലദ്യുതി വീശി മേന്മേലതു
വിലസിടട്ടാകല്പകാലം!

1—2—1110

സ്വപ്നമല്ലിതു—പോരികിങ്ങോട്ടി-
സ്വർഗ്ഗദീപ്തിയിൽ മുങ്ങി നീ!
അത്രമാത്രം വിജനമാണിന്നെൻ-
ചിത്തകുഞ്ജമിതോമനേ!
നിന്നുദയത്താൽ വേണമിന്നിതു
പൊന്നലരുകൾ ചൂടുവാൻ!
മുഗ്ദ്ധചിന്തയാൽ നിന്നെയിന്നൊരു
മുത്തുമാല ഞാൻ ചാർത്തുവൻ!

12—7—1110

നിർമ്മലപ്രേമമേ, നിന്നടുത്തെത്തവേ
നിന്നെയുമെന്നെയും കാണുന്നതില്ല ഞാൻ!

18—11—1111



Digitized By Kerala Sahitya Akademi

## കാരാഗൃഹത്തിൽ

സങ്കല്പം ഹൃദയത്തിൻ-
ഭിത്തിമേലെഴുതുന്നി-
തെൻകളിത്തോഴിയുടെ
മോഹനചിത്രം വീണ്ടും.

ഇനിയും കുട്ടിക്കാലം
വീണ്ടുകിട്ടുകയില്ല-
ക്കനകക്കിനാവിൻെറ
നിഴലായ് പിൻപേ പോകാൻ.

താരുണ്യം പ്രശംസതൻ-
രത്നകോടീരം ചൂടി-
ച്ചാരുസുസ്മിതം തൂകി-
ച്ചാരെ നിന്നാശ്ലേഷിപ്പൂ.

ഇക്കൊടുംതുറുങ്കിൽ ഞാ-
നെന്നെന്നും കഴിയാനോ
കശ്മലപ്രപഞ്ചമേ,
നീയെന്നെ യുവാവാക്കി?

വേണ്ടെനിയ്ക്കുൽക്കർഷത്തിൻ-
പൊന്മണിക്കിരീടം—പൊ-
ന്നാണ്ടുകൾ പറന്നല്ലോ,
വെളിച്ചം മറഞ്ഞല്ലോ!



Digitized By Kerala Sahitya Akademi

കാനേപ്പൂക്കൾ

നിഴലിൽത്തപ്പിത്തപ്പി
നിങ്ങളെത്തിരക്കുന്നു
നിഹതൻ ഞാനിന്നെന്റെ
ശൈശവസ്വപ്നങ്ങളേ!

—എങ്കിലും, നിരുപമേ,
നിൻ ചിത്രം വരച്ചു, മി-
സ്സങ്കല്പം പിരിയുകി-
ല്ലെന്നോ—ഞാൻ ചരിതാർത്ഥൻ!!

24—5—1115.

അവനിയിലെൻകാമുകനാമധേയം
അയി സഖി, നീയാരോടും ചൊല്ലരുതേ!
ഒരുനിമിഷം നീയൊന്നു കണ്ണടയ്ക്കൂ
വിരവിലതിന്മണ്ണിലെഴുതിടാം ഞാൻ.
അതിചപലതാരകളതിവാനി-
ലിതു ശകലമെങ്ങാനും കണ്ടുപോയാൽ,
അതിലധികം വേണ്ടൊന്നും ലോകമൊട്ടു-
ക്കതു മുഴുവൻ നാളെപ്പരസ്യമാകാൻ!—
ഇവിടെ, മണിക്കൂട്ടിലെത്തത്തപോലും
കളിമൊഴിയാൽപ്പിന്നെന്നെക്കല്ലെറിയും!

20—9—1108.



Digitized By Kerala Sahitya Akademi

# വിരുന്നുകാരൻ

ഇക്കൊല്ലമോണത്തിനുണ്ടെൻെറ വീട്ടിലൊ-
രുൾക്കുളിരേകും വിരുന്നുകാരൻ;
മായികജീവിതസ്വപ്നശതങ്ങളെ-
ച്ഛായം പിടിപ്പിക്കും ചിത്രകാരൻ;
ശാന്തിതൻ ശാശ്വതസന്ദേശം വിണ്ണിൽനി-
ന്നേന്തി വന്നെത്തിയ ദൈവദൂതൻ.

നിൻകനിവിൻനിധികുംഭത്താലേവമെ-
ന്നങ്കസ്ഥലം നീയലങ്കരിച്ചേ,
എന്തിനെനിക്കിനിയന്യസമ്പത്തുകൾ
സംതൃപ്തനായ് ഞാൻ ജഗൽപിതാവേ!
ത്വൽകൃപാബിന്ദുവും മൗലിയിൽച്ചൂടിയി-
ച്ചുല്ലോടി നിൽപ്പൂ, ഹാ, നിർവൃതിയിൽ!

ഭാവപ്രദീപ്തമാമെൻമനംപോലെ,യി-
പ്പൂവിട്ട മുററം പരിലസിപ്പൂ;
പിച്ചവെച്ചെത്തുമെന്നോമനപ്പൈതലിൻ-
കൊച്ചിളംകാലടിപ്പാടു ചൂടി!
ധന്യമായെൻമിഴി രണ്ടുമിന്നാനന്ദ-
ജന്യമായീടുമിക്കണ്ണുനീരിൽ!!

*　*　*



Digitized By Kerala Sahitya Akademi

ഛാണപ്പൂക്കൾ

ആയിരം ജന്മങ്ങളാർജ്ജിച്ച പുണ്യങ്ങ-
ളാകാരമേന്തിയണഞ്ഞതപോലെ,
കൈവല്യകേന്ദ്രമേ, കമ്പിതമായൊരെൻ-
കൈകളിലെങ്ങനെ നീയൊതുങ്ങി?

4—1—1117

---

അന്തിക്കതിരുകൾ സാരിയുടുപ്പിച്ചൊ-
രഞ്ചിതമാകുമീത്തോപ്പിൽ,
ആനന്ദലോലയായാടിയില്ലന്നൊക്കെ-
ഞാനെത്ര നാടകം തോഴി!
ഏറെനാളായി ഞാൻ കാണാതിരുന്നൊരി-
യാരാമകുഞ്ജങ്ങൾ കാൺകേ,
മൊട്ടിട്ടിടുകയാണോമൽസ്മരണകൾ
കഷ്ട,മെൻ ചിത്തത്തിൽ വീണ്ടും!!........

26—6—1115.

---

അന്തരംഗത്തിൽ വിഷാദം കൊളുത്തുവാ-
നെന്തിനുദിച്ചു നീ,യന്തിനക്ഷത്രമേ?

4—6—1111

---



Digitized By Kerala Sahitya Akademi

# പ്രലോഭനങ്ങൾ

അരുതരുതെന്നു വിലക്കിയിട്ടു-
മനുസരിച്ചീടാത്ത വിഭ്രമമേ,
അകലെപ്പോ വേഗം, ഞാ,നല്ലയെങ്കി-
ലടിമയാക്കീടും പിടിച്ചു നിന്നെ!
മതി, മതി, മായികമന്ദഹാസം
മലിനതേ, നിൻമുഖത്താരു നോക്കും?

അഴലിൻമുകിലിനാൽ ച്ഛാദനത-
ന്നമലാന്തരീക്ഷമിരുണ്ടുകൂടി.
മധുരസങ്കല്പങ്ങളാകമാനം
മരവിച്ചൊതുങ്ങി ദ്രവിച്ചുപോയി.
അകലെ, നിരാശതൻമൂടൽമഞ്ഞി-
ലനുപമസ്വപ്നങ്ങൾ മാഞ്ഞൊടുങ്ങി!

അഴകിൻമൃദുമൗനവേണുഗാനം
തഴുകിത്തളർന്നതാം സാന്ധ്യമേഘം,
ചൊരിയുന്നു മൂകമാ,യാർത്തനായു-
മിരുളിനുവേണ്ടിത്തൻജീവരക്തം!
ശിവനേയിതെന്തൊരു ശോചനീയം
ഭുവനമിതയ്യോ, വികാരശൂന്യം!

അനുനയമർമ്മരം വഞ്ചനത-
ന്നസുഖാട്ടഹാസമായ് മാറിയാലും,
കപടാനുതാപത്തിൻ കാര്യലാഭം
കനകപതാക പറത്തിയാലും;



Digitized By Kerala Sahitya Akademi

കരയുവാൻ കണ്ണിനു കണ്ണുനീരും,
കരളി,നെരിയുവാൻ, ചിന്തകളും,
സുലഭമായ് ലോകം തരുന്ന കാലം
പ്രണയത്തിനില്ലൊരധഃപതനം!
സ്വയമതിൽസ്സാന്ത്വനം സഞ്ജനിക്കും,
സ്വയമതിൽസ്സംഗീതം സഞ്ചരിക്കും!

കരയാതിരിക്കാമൊരാൾക്കു, പക്ഷേ
കരളിനു കാഠിന്യമേറെ വേണം!
കരുണതൻ വാതിലടച്ചിരുന്നാൽ
കഴിയും ചിരിക്കാൻ മരിക്കുവോളം!
ശരി;—യെന്നാ,ലാതങ്കവജ്രപാതം
മുറിവുകളെത്രമേലേകിയാലും,
മൃദുലവിമലഹൃദയമേ, നിൻ-
വദനത്തിൽ സൗന്ദര്യം വിശ്രമിപ്പൂ!
മിഴിനീരിലൂടെ ചരിപ്പു ജീവ-
നഴകിലാറാടിയതായിരിക്കും!

അകലെപ്പോ മോഹമേ വേഗ,മിന്നെൻ-
ഹൃദയത്തിനാവശ്യമില്ല നിന്നെ.
അറിയാമതിനു നിൻകൂട്ടുകൂടാ-
തമൃതസരസ്സിലേക്കുള്ള മാർഗ്ഗം!
ഇടയിൽ പ്രതിബന്ധമേശിയാലു-
മൊടുവിലതങ്ങു ചെന്നെത്തിക്കൊള്ളും!—
അതുലസായൂജ്യതരംഗങ്ങൾ-
ക്കതിഥിയായ് നീന്തിക്കളിച്ചുകൊള്ളും!



Digitized By Kerala Sahitya Akademi

മുഖപടം മാററിയാ നിത്യസത്യ-
മുലകാകെ വീശും നവപ്രകാശം,
കപടാന്ധകാരം തുടച്ചു നീക്കി-
ക്കമനീയശാന്തി തളിച്ചുവോളം,
എരിയുകെൻ ചിത്തമേ, മേല്ക്കുമേലേ!
ചൊരിയുകശ്രുക്കളെൻ കണ്ണുകളേ!!......

18—8—1110

---

അലഘുഭാഗ്യസരിത്തിലെക്കൊച്ചുകൊ-
ച്ചലകളിൽ സ്വയം നീന്തിക്കളിച്ച നീ,
അതിരെഴാത്തൊരിപ്പാഴ്മണൽക്കാട്ടിൽ വ-
ന്നലയുവാനിന്നിടയായതെങ്ങനെ?
അമൃതവീചികേ, നീ ഞൊടിക്കുള്ളി,ലൊ-
രസിതധൂമികയായതാണത്ഭുതം!

അവമതിയുടെ മൂടുപടവുമി-
ട്ടവഗണിതയായ്പ്പോകുന്നതെന്തു നീ?
അനുമതി കാത്തടിമകളായി, നി-
ന്നരികിലന്നൊക്കെ നിന്നവരെന്തു പോയ്?
അനുപമോജ്ജ്വലമാം നിൻമിഴിയി,ലീ-
യനുശയാശ്രുവിൻഹേതുവെന്തോമലേ?........

24—7—1110



Digitized By Kerala Sahitya Akademi

## വൃത്തം

ആ നല്ല കാലമനർപ്പണം ചെയ്കതെ-
ന്താനന്ദരംഗങ്ങളായിരുന്നു, സഖി!
മാരിവിൽമാതിരി പെട്ടെന്നവയൊക്കെ
മായുമെന്നാരറിഞ്ഞിരുന്നു, സതി!
കഷ്ടം, ജലാർദ്രമായ്ത്തീരുന്നു കൺകളാ
നഷ്ടോത്സവത്തിൻ സ്മൃതികളിലിപ്പൊഴും!

ആവർത്തനത്തിനുമാവാതെ, കാലമാ-
മാവർത്ത,മയ്യോ, വിഴുങ്ങുന്നു സർവ്വവും!
മാറിമറയുമവയെ നാം നിഷ്ഫലം
മാടി വിളിപ്പൂ മമതയാൽപ്പിന്നെയും
എന്താക്കി,യെല്ലാം നശിച്ചുപോയെന്നോർത്തു
ചിത്തം തകർന്നടൻ കണ്ണീർ പൊഴിപ്പൂ നാം
വസ്തുസ്ഥിതികൾ തന്നാന്തരയാഥാർത്ഥ്യ-
മെത്തിപ്പിടിക്കാൻ ശ്രമിക്കായ്കകാരണം,
എപ്പൊഴും ദുഃഖത്തിനല്ലാതെ മാർഗ്ഗമി-
ല്ലിപ്പാരിലെന്നോർത്തടിയുന്നിതല്ലിൽ നാം!

ഒന്നിനൊന്നായൊക്കെ മാഞ്ഞുപോ,മെങ്കിലു-
മൊന്നും ജഗത്തിൽ നശിക്കില്ലൊരിക്കലും.
ഹാ, പരിണാമവിധിക്കു വിധേയമായ്
രൂപാന്തരങ്ങളെ പ്രാപിപ്പതെന്നിയേ,
എന്തുണ്ടുലകിൽ നശിപ്പതെന്നോർക്കുമാ,-
യെന്തിനു പിന്നെപ്പരിതപിക്കുന്നു നാം?



Digitized By Kerala Sahitya Akademi

കാലസ്രവന്തിതൻ ദുർവ്വാരകല്ലോല-
മാലയിൽത്തത്തിത്തളർന്നലഞ്ഞങ്ങനെ,
പ്രജ്ഞക്കിരുട്ടെന്നു തോന്നുന്നതാകുമൊ-
രജ്ഞാതരംഗത്തിലെത്തുന്നതെന്നിയേ,
എന്തുണ്ടു നഷ്ടപ്പെടുന്നതെന്നാലുമാ,-
യെന്തിനു പിന്നെപ്പരിഭ്രമിക്കുന്നു നാം?

ജീവിതവ്യാസം ചുരുങ്ങിച്ചുരുങ്ങി,യ-
ക്കേവലതത്ത്വത്തിന്റെ കേന്ദ്രത്തിലെത്തുവാൻ,
കർമ്മമല്ലാതില്ല മാർഗ്ഗ,മിന്നാകയാൽ-
ക്കർമ്മത്തെയാദ്യം പവിത്രീകരിക്ക നാം.
മൃണ്മയമാകുമിക്കോവിലിൽ, ഭക്തിയാ-
ന്നുണ്മയിൽച്ചിന്മയധ്യാനനിർല്ലീനയായ്,
ആവസിപ്പൂ ജീവയോഗിനി, വെൺമല-
രാവട്ടെ കർമ്മങ്ങ,ളച്ഛനസ്സെപ്പൊഴും!
എങ്കിൽ, ക്ഷണപ്രഭാചഞ്ചലസ്വപ്നങ്ങൾ
സങ്കടമേകുകി,ല്ലാശ്വസിയ്ക്കുക, സഖി!
ജന്മാന്തരങ്ങളിൽപ്പണ്ടുമിതുവിധം
നമ്മളൊരുമിച്ചിരുന്നൊരാ വേളയിൽ,
അന്നു നാം കണ്ടൊരപ്പൊന്നിൻകിനാക്കള-
ല്ലിന്നുമണഞ്ഞതെന്നാരറിഞ്ഞൂ, സതി!
ഇന്നവ മാഞ്ഞു മറഞ്ഞതു കണ്ടിട്ടു
ഖിന്നയാകായ്ക,വ വന്നിടും പിന്നെയും!
വർത്തമാനം ഭൂതമായ് സ്വയം മാറുന്നു
വർത്തമാനത്തിലണയുന്നു ഭാവിയും.



Digitized By Kerala Sahitya Akademi

ഭൂതങ്ങൾ ഭാവിയായ് മാറുന്നി,താഭാവി
ഭൂതമായ്ത്തീരുന്നു വർത്തമാനംവഴി.
വൃത്തമാണേവം. സമസ്തവും;—പോയവ-
യെത്തും, മറഞ്ഞുപോം നില്പവയൊക്കെയും!
രാവും പകലും, യഥാർത്ഥത്തി,ലൊന്നുപോ-
ലാവശ്യമാണിജ്ജഗത്തിനെന്നോർക്ക നീ.
വേണമിരുട്ടും വെളിച്ചവും— ജീവിത-
മാണെങ്കിൽ, വേണം ചിരിയും കരച്ചിലും!
ഇല്ല നിയതിക്കു പക്ഷപാതം, പാഴി-
ലല്ലൽപ്പെടുന്നതെന്തി,ന്നാശ്വസിക്കു നീ!
നീ വിശ്വസിയ്ക്കു നിയതിയിൽ—നിശ്ചയം
വീണ്ടും ഹൃദയം ചിരിക്കുമെന്നെങ്കിലും!!........

4—10—1110

വിവിധനവവിഭവശതസമ്പന്നമല്ല, മൽ-
ക്കവനമയസാഹിതീപാദപൂജോത്സവം.
കരൾകവരുമതിരുചിരരത്നമൊന്നെങ്കിലും
കരതളിരിലില്ല മേ കാഴ്ചവെച്ചീടുവാൻ.
നവലളിതസുമതതിയുമില്ലെനി,ക്കംബികേ
ഭവതിയുടെ കണ്ഠത്തിൽ മാല ചാർത്തീടുവാൻ—
ഒരു ചെറിയ കൂപ്പുകൈമൊട്ടുമായ്, ലജ്ജിച്ചു
പുറകി,ലൊരു മൂക്കിൽ,പ്പതുങ്ങി നില്ക്കുന്നു ഞാൻ!
12—3—1114

മൃദുലതന്ത്രികൾ മുറുകെ മീട്ടി,യെൻ-
ഹൃദയവല്ലകി ശിഥിലമായ്!!

16—2—1108



Digitized By Kerala Sahitya Akademi

## വിധിയുടെ മുമ്പിൽ

നിശ്ശബ്ദശോകാർദ്രനിഷ്പന്ദചിത്തനായ്
നിൽപു ഞാൻ ദുർവ്വിധേ, നിൻെറ മുമ്പിൽ.
നിത്യവുമിത്ര നാളെന്തിനെന്നില്ലാതെ
നിർദ്ദയം നീയെന്നെക്കല്ലെറിഞ്ഞു.
നിന്നോടെതിർക്കാമെന്നാശിച്ചു മൂഢൻ ഞാൻ
മുന്നോട്ടു മുഷ്ടിചുരുട്ടി വന്നു.
സമ്മതിക്കുന്നു ഞാനിന്നെൻ പരാജയം;
സൗമ്യമായെന്നെ നീ വിട്ടയയ്ക്കൂ!

ആനതശീർഷനായാബദ്ധഹസ്തനാ-
യാനീതനായൊരെൻനേരെ നോക്കി,
കണ്ണുരുട്ടീടുന്നതെന്തിനാണയ്യോ, നീ
കണ്ണീരിൽ മുങ്ങി ഞാൻ നില്പുയല്ലേ?
പൊക്കകില്ലെൻ കൈകൾ ഞാനിനി നിൻെറനേ-
ക്കൊക്കെപ്പൊറുത്തു നീ മാപ്പു നൽകൂ!
പോകട്ടെ വീണ്ടുമെന്നേകാന്തതയിലേ,-
യ്ക്കേകുകെനിക്കിന്നനുമതി നീ!
ഇല്ലല്ലും ഞാനുമായാരുമറിയാതെ
സല്ലപിച്ചെന്നും കഴിഞ്ഞുകൊള്ളാം.
പൊട്ടുന്നിതെൻമന,മയ്യോ, ഞാൻ പോകട്ടേ
കെട്ടഴിച്ചെന്നെ നീ വിട്ടയയ്ക്കൂ!
സ്വപ്നശതങ്ങൾ തൻതോളിൽപ്പിടിച്ചു, ഞാൻ
തപ്പിത്തടഞ്ഞു തിരിച്ചുപോകാം!



Digitized By Kerala Sahitya Akademi

ഓണപ്പൂക്കൾ

ചൂടും വെളിച്ചവുമാശിക്കാ മേലിൽ ഞാൻ
മൂടുക നീയെന്നെക്കുളിരിരുളിൽ!!.........

13—12—1118

---

നിൻമനംപോലെ, നീ, നല്ലും പ്രമോദവും
നിർമ്മലത്വത്തിൻനികേതമാ,മോമലേ!
സ്നേഹാപ്തിമൂലം സുഗന്ധം പിടിച്ച നിൻ-
സാഹചര്യം, ഞാൻ മറക്കില്ലൊരിക്കലും!
മൊട്ടണിയിപ്പൂ നീ,യെന്മനസ്സിൽ സ്വയം
പൊട്ടിപ്പൊടിച്ച കലാവാസനകളെ.
ജീവിതത്തിന്നൊരു ചേലും കുളിർമ്മയും
ഭാവസാന്ദ്രത്വവുമേകി നീ, ശാലിനി!
ദേവി,യെൻമുന്നി,ലൊരപ്സരസ്സെന്നപോ-
ലാവിർഭവിക്കുവാ,നെന്തിത്ര വൈകി നീ?........

13—10—1119



Digitized By Kerala Sahitya Akademi

## നർത്തകികൾ

അപ്പുഴവക്കിലെപ്പൂങ്കാവിലായിര-
മപ്സരഃകന്യമാരെത്തി.
നീരാളസാരിയൊരല്പമുലഞ്ഞതിൽ
നീരസം ഭാവിച്ചൊരുത്തി.
നെററിയിൽക്കുങ്കുമപ്പൊട്ടിട്ടതന്നത്ര
പാററിയിട്ടില്ലെന്നൊരുത്തി.
നേരേ വകുത്തിട്ടു കെട്ടിയ കാർകുഴൽ
നേരെയായില്ലെന്നൊരുത്തി.
മാറണിപ്പൊൻമണിമാലകൾ പോരാത്ത
മാലിയന്നോളായൊരുത്തി.
വാർമുടിക്കെട്ടിലെ വാസന്തിപ്പൂമാല
വാടിയതായ് മറെറാരുത്തി.
മഞ്ജീരകങ്ങൾ കിലുക്കിനോക്കി,സ്സുഖ-
ശിഞ്ജിതം പോരാഞ്ഞൊരുത്തി.
തങ്കത്തരിവളച്ചാർത്തുകളില്ലാത്ത
സങ്കടമായ്പ്പിന്നൊരുത്തി.
എന്തിനു വിസ്താരം,മായതന്നെന്തൊരു
സൗന്ദര്യമത്സരരംഗം!
മത്സരം, സൗന്ദര്യമത്സരം, സൗഭാഗ്യ-
മത്സരം—മത്സരംമാത്രം!

* * *

പ്രേമോത്സവങ്ങൾക്ക് മേന്മയേറീടുന്ന
കാമദഹേമന്തകാലം.



Digitized By Kerala Sahitya Akademi

ചന്ദനശീതളചന്ദ്രികാചർച്ചിത-
സുന്ദരയാമിനീകാലം.
ആടിക്കുഴഞ്ഞു വന്നോളങ്ങൾ ലോലമാം
പാടും യമുനതൻകൂലം.
പുററുമന്ദാരകസൗരഭം മേല്ക്കുമേൽ
മുററിനില്ക്കും സുമജാലം.
ഉൽക്കടപ്രേമപ്രകടനകേളികൾ-
ക്കൊക്കയുമെന്തനുകൂലം!
നിർവ്യാജരാഗമേ, നിന്നിലലിയുകിൽ
നിർവൃതിയാണനുവേലം!
മോദതരളിതരാമവർക്കൊന്നുപോൽ
സ്വേദജലാങ്കിതം ഫാലം.
ചെമ്പനീർപ്പൂക്കൾ വിടർന്നു നിന്നങ്ങനെ
വെമ്പിത്തുടുത്ത കപോലം.
മിന്നൽപ്പിണരുകൾ വട്ടമിട്ടങ്ങനെ
മിന്നുന്ന പൊന്നാലവാലം,
സദ്രസം സഞ്ജാതമായിതത്തന്വികൾ
നർത്തനംചെയ്യുകമൂലം!
ആലവാലത്തിൻനടുവിലൊരു ബാല-
നീലകദംബം ലസിപ്പൂ—
പീലിത്തിരുമുടിച്ചാർത്തും നവവന-
മാലാകലാപവും ചാർത്തി,
ലോലമുരളീരവം പെയ്തുപെയ്തൊരു
നീലകദംബം രസിപ്പൂ!!

*   •   *



Digitized By Kerala Sahitya Akademi

സ്വപ്നം, വെറും സ്വപ്നം, മെൻമുന്നിൽ ഞാൻകണ്ട
സ്വൎഗ്ഗമെങ്ങയ്യോ, പറന്നു?...

14—11—1118

---

നീറുന്ന മന്മനം—മന്ദഹസിപ്പൂ, ഹാ,
നീലാംബരത്തിലത്താരാകമാരികൾ.
സുന്ദരം വിശ്വം—തുളുമ്പുന്നു ചുററിലും
ചന്ദ്രിക, മൎമ്മരം പെയ്യുന്നു മാരുതൻ.
ഉദ്രസം കൈകോൎത്തു പൂനിലാവിൽ സ്വപ്ന-
നൃത്തം നടത്തുന്നു നീലനിഴലുകൾ.
ചൂഴെത്തുളുമ്പുന്നു വീൎപ്പിട്ടു വായുവി-
ലേഴിലമ്പാലതൻ നേൎത്ത പരിമളം.
സുന്ദരം വിശ്വം—മഥിതമെൻമാനസം
സ്പന്ദിപ്പൂ തീവ്രം, മിഴിനീർ തുടപ്പൂ ഞാൻ!

ആരാലണഞ്ഞെൻെറ മുന്നിൽനിന്നീടുവോ-
ളാരു നീ, യാരു നീ, യാകാരമോഹിനി?
പച്ചത്തളിൎപ്പട്ടുണി, ഞ്ഞിളം പുഞ്ചിരി-
പ്പിച്ചകപ്പൂക്കളതിൎത്തുകൊണ്ടങ്ങനെ,
സോമാംശുധാരയിലൂടാ വിയത്തിൽനി-
ന്നാമന്ദമൂൎന്നിറങ്ങിവന്നെത്തി നീ!
തത്തുന്നു, ഹാ, നിൻമുഖത്തിനു ചുററു, മൊ-
രൽഫുല്ലദീപ്തപരിവേഷമണ്ഡലം!
ആരു നീ, യാരു നീ, യത്ഭുതരൂപിണി?
ആരുനീ, യാരുനീ, യാനന്ദദായിനി?

16—9—1119



Digitized By Kerala Sahitya Akademi

## വിഫലത

ജനിതോല്ലാസം നിത്യ-
മസ്സമാഗമമോർത്തി-
ജ്ജനൽപാതിലിൻ ചാരെ-
കാത്തുകാത്തിരിക്കും ഞാൻ.

ഇന്നും ഞാനിരിക്കയാ,-
ണെന്തിനാ,ണാരെക്കാത്താ;-
ണെന്നാശാസുമമെല്ലാം
കൊഴിഞ്ഞു കഴിഞ്ഞല്ലോ.

പലരും വരുന്നുണ്ടു,
പോകുന്നുമു,ണ്ടെന്നാലും,
പഴുതേ കാക്കുന്നു ഞാൻ
പാതയെൻമുന്നിൽ ശൂന്യം!

വരുന്നില്ലൊരാൾമാത്രം,
വന്നിടുകയുമില്ലി-
ത്തെരുവീഥിയിൽക്കൂടി,-
യെങ്കിലും, കാക്കുന്നു ഞാൻ!

ഹാ, നിത്യപരിചയ-
മൊക്കുമോ മാററാൻ?—കാൽകഠ
താനേ,യാ നേരം വന്നാ,-
ലിങ്ങോട്ടു നീങ്ങിപ്പോകും!!



Digitized By Kerala Sahitya Akademi

ദൂരെയപ്പാദന്യാസം
കേൾക്കുമ്പൊഴക്കും, ഹൃത്തി-
ലേറിടും തുടിപ്പെനി-
ക്കൂൻനെററി വിയർത്തുപോം.

മററാരും കാണാതിരി-
ക്കാനായ്, ഞാൻ മനഃപൂർവ്വ-
മുററൂയത്തിക്കും മുഖ-
വൈവർണ്ണ്യം മറക്കുവാൻ!

എങ്കിലും, സ്മേരാർദ്രമാ-
മാ മുഖം കാണുന്നേര-
മെൻകവിൾത്തുടിപ്പേറു-
മെത്ര ഞാൻ ശ്രമിച്ചാലും!

അസ്ഥിമാത്രാവശേഷ-
മാ രൂപം, ഞാനോർത്തിടാ-
തിത്ര മേലെൻപ്രാണനോ-
ടെമ്മട്ടിലൊട്ടിച്ചേന്നു?

കണ്ണിമക്കാതാ മുഖ-
ത്തങ്ങനെ നോക്കിക്കൊണ്ടു
നിന്നിടും നേരം, സ്വയം
നിർവൃതിക്കൊള്ളുന്നു ഞാൻ.



Digitized By Kerala Sahitya Akademi

## കാണപ്പൂക്കൾ

ഒരു വാക്കിടയ്ക്കെങ്ങാ-
നോതുവാനൊത്താൽ,പ്പിന്നൊ-
ന്നരുളാൻ, രോമോദ്ഗമം
തടയും, കുഴങ്ങും ഞാൻ!

ഇമ്മന്നിൽ, സ്വാർത്ഥസ്പൃക
ലേശവും പുരളാത്ത
നിർമ്മലപ്രേമംപോലു-
മപരാധമാണല്ലോ!

ഞാനെന്റെ ഹൃദയത്തെ
വഞ്ചിയ്ക്കാൻ പഠിയ്ക്കാഞ്ഞ-
താണിന്നീ വിപത്തുകൾ-
ക്കൊക്കെയുമടിസ്ഥാനം.

എങ്കിലും, പശ്ചാത്താപ-
മില്ല മേ—നേരേമറി-
ച്ചങ്കിതമാണെൻചിത്ത-
മഭിമാനത്താലിന്നും.

ഗദ്ഗദസ്വരത്തിലു-
ള്ളാ യാത്രാമൊഴിയിതാ
മൽക്കർണ്ണയുഗ്മത്തിങ്ക-
ലിപ്പൊഴും മുഴങ്ങുന്നു.



Digitized By Kerala Sahitya Akademi

മ്ലാനമാ മുഖ,മശ്രു-
കലുഷം, മായാതെന്റെ
മാനസനേത്രങ്ങൾക്കു
മുൻപി,ലിപ്പോഴും നില്പൂ.

മാച്ചുവാൻ നോക്കുംതോറും
മേല്ക്കുമേൽത്തെളികയാ-
ണാക്കണ്ണി,ലകളങ്ക-
സ്നേഹത്തിൻമരീചികൾ.

ഭദ്രവും, രാഗാർദ്രവും,
ദീനവുമാ,മാ നോട്ടം,
നിദ്രയിൽപ്പോലും, നിത്യ-
മസ്വസ്ഥയാക്കുന്നെന്നെ!

എന്തിനായ് വിധിയേവ-
മാനയിച്ചതു, കഷ്ടം,
ചിന്തിയാ,തെൻമുന്നിലാ
പ്രിയദർശനരൂപം?

ഹാ, വരാകി ഞാനൊരു
സുസ്മിതത്തിനുപോലും
കേവലമെനിക്കീശ-
നേകിയില്ലല്ലോ ഭാഗ്യം!



Digitized By Kerala Sahitya Akademi

## കാണപ്പൂക്കൾ

എൻമനോഭാവംമൂലം
നഷ്ടമില്ലാർക്കും, കാമ-
കന്മഷക്കലപ്പ്തി-
നേററിട്ടില്ലൊരിക്കലും.

ഇന്നോളമപരാധം
ചെയ്തിട്ടില്ലൊരാൾക്കും ഞാ-
നെന്നിട്ടും, വിധിയെന്നെ
നിർദ്ദയം വഞ്ചിച്ചല്ലോ!

എങ്കിലും, വ്യതിചലി-
ക്കില്ലൊരു കാലത്തുമെൻ-
സങ്കല്പം, ദൈവത്തിങ്കൽ-
നിന്നിനിയണുപോലും!

എന്നാത്മശുദ്ധിക്കു,മെൻ-
പാവനപ്രേമത്തിനും,
കണ്ണുനീരാകാം പക്ഷേ
വിധിച്ചതെനിക്കീശൻ.

അതിൽ, ഞാനസംതൃപ്ത-
യല്ലൊരുനാളും — മുഗ്ദ്ധ-
സ്മൃതിക,ളെൻ ചിത്തത്തി-
ലുണ്ടല്ലോ താലോലിക്കാൻ!



Digitized By Kerala Sahitya Akademi

ശാശ്വതമാണാ സ്നേഹ,-
മറിയാമെനിക്കതൊ-
ട്ടാശ്വാസം തരുന്നുമു,-
ണ്ടെന്നാലു,മയ്യോ, മേലിൽ,

എത്രയും മെലിഞ്ഞു നീ,-
ണ്ടരികിൽ സ്പന്ദിച്ചുകൊ-
ണ്ടെത്തു,മച്ഛായാരൂപ,-
മെങ്ങനെ മറക്കും ഞാൻ?

8—11—1119

വന്നാലുമോമനേ, സായാഹ്നദീപ്തിയി-
ലൊന്നുനോക്കീടുകീ നാടിൻെറ ഭംഗി നീ!
താഴ്‌ത്തെന്നൽ പുല്കി,ക്കുണുങ്ങിനില്ക്കുന്നിതാ
പൂത്തും തളിർത്തും മരതകക്കാടുകൾ;
കേവലമാനന്ദം നിറപ്പകിട്ടേകിയ
ദേവലോകത്തിലെ സ്വപ്നങ്ങൾമാതിരി!
ചിത്തമോദാകുലം ചൈത്രം നടത്തുമി-
ച്ചിത്രകലോത്സവം കാണൂ, വിലാസിനി!

27—9—1119

പൊന്നൊലിക്കുമിപ്പൂവുടൽക്കൂടിയും
മണ്ണടിഞ്ഞിടുമല്ലോ, മനോരമേ!

10—4—1113



Digitized By Kerala Sahitya Akademi

## ഗായകൻ

ആ മണിവീണയിലാരുമറിയാതൊ-
രാനന്ദഗാനമടർന്നുവീണു.
വിശ്രാന്തി വീശിയതിൻ മൃദുവീചികൾ
വിശ്വം മുഴുവനും വ്യാപരിച്ചു.
നശ്വരജീവിതം പൊക്കിയെടുത്തതു
ശശ്വൽപ്രകാശത്തിൽ വിന്യസിച്ചു.
നക്ഷത്രകോടീരം ചൂടിച്ചതിനെയൊ-
രക്ഷയഭാസ്സിലലങ്കരിച്ചു.

സ്വർഗ്ഗവും ഭൂമിയും കൈകോർത്തു നില്ക്കുമ-
ച്ചക്രവാളത്തിൻ ചവിട്ടുകല്ലിൽ,
രാവും പകലും പുണർന്നിരുമാർഗ്ഗമായ്-
പ്പോവുമക്കാലത്തിൻ പൂവനത്തിൽ,
പ്രേമനികുഞ്ജത്തിൽ, വെച്ചു ജീവനെ-
യോമനിച്ചോമനിച്ചുമ്മവെച്ചു.
കണ്ണടച്ചതിൻ കാല്ക്കലൊരായിരം
കർമ്മാങ്കുരങ്ങളൊതുങ്ങിനിന്നു.
കോമളമാമതിൻവെള്ളിവെളിച്ചത്തിൽ
വ്യാമോഹരേഖകൾ മങ്ങിമാഞ്ഞു.
എന്തെല്ലാമിമ്മട്ടിലായിട്ടെ,ന്തെന്നിട്ടും
സംതൃപ്തനായീലപ്പാട്ടുകാരൻ!
കാണാമവന്റെ വിളർത്ത മുഖത്തൊരു
നീണാളായ് നീങ്ങാത്ത നീലമേഘം.



Digitized By Kerala Sahitya Akademi

പ്രാണനിലേയ്ക്കു ചുഴിഞ്ഞൊന്നു നോക്കിയാൽ-
ക്കാണാം വ്രണങ്ങൾ പരശ്ശതങ്ങൾ.
നിത്യമിബ്ബ്രഹ്മാണ്ഡം മുങ്ങി,യവൻ പെയ്യു
നിശ്ശബ്ദസംഗീതനിർഝരിയിൽ.
എന്നാ,ലവനോ, വിദൂരെയെങ്ങോ നില്ക്കു-
മൊന്നിനെത്തേടുകയായിരുന്നു.
നൊന്തുകരയുമവനിലജ്ഞാതമാ-
മെന്തോ, ചിറകിട്ടടിച്ചിരുന്നു.
ഏതോ വിരഹം കടിച്ചവനെപ്പൊഴും
ചേതന ചോരയൊലിച്ചിരുന്നു.
ആ മഹാസിദ്ധി,യാ വിസ്മയ,മാസ്സുഖ-
മാ മഞ്ജുസംഗീത,മാ വെളിച്ചം,
ആഗമിയ്ക്കായ്കി,ലവനു മററായിര-
മാനന്ദലബ്ധികൊണ്ടെന്തു കാര്യം?

* * *

പണ്ടത്തെപ്പാഴററ പട്ടാംബരങ്ങളും,
പണ്ടത്തെ രത്നവിഭൂഷകളും,
ഓരോന്നഴിച്ചഴിച്ചെല്ലാമെടുത്തവൻ
ദൂരേക്കിരുളിൽ വലിച്ചെറിഞ്ഞു.
നിസ്സംശയമവനായവയൊക്കെയും
ദുസ്സഹഭാരങ്ങളായിരുന്നു.
ഇന്നവൻ ജീർണ്ണവസനനായ്ച്ചുററുന്നു
കണ്ണീരുമായി, നിൻ വീഥിതോറും!
ആ മണിവീണയിലില്ലൊരു നേരിയ
കാമദസംഗീതവീചിപോലും.



Digitized By Kerala Sahitya Akademi

പൊട്ടിത്തകർന്നതാണിന്നതിൻ തന്ത്രികൾ
നിഷ്ഠുരലോകത്തിൻ മർദ്ദനത്താൽ.
ലൌകികമോഹങ്ങൾ മുന്നിൽത്തടകയാൽ
വൈകിയവനിങ്ങു വന്നുചേരാൻ.
ഏകാന്തരാത്രിയിൽക്കൂരിരുട്ടത്തവ-
നേകനായ് ചുററുന്നു നിൻതെരുവിൽ.
എങ്കിലു,മിന്നെത്ര സംതൃപ്തനാണെന്നോ
സങ്കല്പലോലനാപ്പാട്ടുകാരൻ!!
ചുട്ട കണ്ണീരാൽ നിറഞ്ഞു കഴിഞ്ഞുപോയ്
കഷ്ടം,മവനുടെ ഭിക്ഷാപാത്രം!
കാണുന്നീലാ മുഖത്തെന്നാ,ലതൃപ്തിതൻ-
കാർമുകിൽ രേഖകളൊന്നുപോലും.
നീന്തിക്കളിയ്ക്കയാണാ മുഖത്തിന്നൊരു
ശാന്തിതൻ നേരിയ പുഞ്ചിരികൾ.
മുട്ടി വിളിയ്ക്കുന്നു പിന്നെയും വന്നവൻ
കൊട്ടിയടച്ച നിൻ വാതിലിന്മേൽ.
ഭീകരരാത്രിയാണെങ്ങുമിരുട്ടമാ-
ണേകാകിയാണവനെന്തു ചെയ്യും?
അയ്യോ, വെളിച്ചമേ, നീ,യവനായൊന്നു
പയ്യെത്തുറക്കുകാ വാതിൽ വീണ്ടും!

* * *

വാടിയിലായിരം പൂക്കളിലൂടവൻ
വാടാത്തൊരൊന്നിൻസുഗന്ധമേററു.
ഒററ മലരിലൊരിയ്ക്കലും വാരാതെ
മുററിത്തുളുമ്പും മരന്ദഗന്ധം,



Digitized By Kerala Sahitya Akademi

തെററിത്തെറിച്ചവൻ കണ്ടിതഞ്ചീ ലോക-
മൊട്ടുകളുള്ളായിരം പൂവുകളിൽ!
സ്വർഗ്ഗീയരശ്മികൾ കിക്കിളിയാക്കുന്നൊ-
രക്കല്പമഞ്ജരിയുമ്മവെയ്ക്കാൻ,
കഷ്ടു,മദ്ഗായക ചിത്രപതംഗക-
മെത്ര തവണ കുതിച്ചുനോക്കി!
എന്നിട്ടുമെന്തതിൻ നിശ്ശബ്ദമോഹങ്ങ-
ളൊന്നൊന്നായൊക്കെക്കരിഞ്ഞുപോയി!

മൃണ്മയപഞ്ജരം വിട്ടു വിശുദ്ധമാം
വിൺമലർത്തോപ്പിൻവിശാലതയിൽ,
ചേലിലതൊന്നിനിപ്പാറിപ്പറക്കട്ടേ
മൂളിപ്പാട്ടോരോന്നു മൂളിമൂളി.
അപ്രേമഗായകൻ പാടുന്നതൊക്കെയും
ചിൽപ്രഭേ, നിന്റെ മഹിമയല്ലേ?
സമ്മതമായില്ല മൺകട്ടകൾക്കു
നിൻമുഖത്താനന്ദം വീശിയിട്ടും.
നിന്നെക്കുറിച്ചുള്ളതാകയാലൂഴിയി-
ലൊന്നോടദ്ഗാനങ്ങൾ പാവനങ്ങൾ
സാദരമപ്രേമഗായകനായിനി
വാതിൽ തുറക്കു, വെളിച്ചമേ, നീ!!

23—10—1111



Digitized By Kerala Sahitya Akademi

## കാണപ്പൂക്കൾ

ഓമലേ, നിന്നെ ഞാ[illegible]ത്രമായ-
ത്താമരപ്പൊയ്കയിൽക്കണ്ട[illegible]രം,
നമ്മിലൊരാളും നിനച്ച[illegible]ത-
ക്കൺമുന തമ്മിൽപ്പുണ[illegible]രാഗം—
ആനന്ദസാന്ദ്രമസ്സുദുല്ല[illegible]-
മാരോമലേ, നിനക്കോ[illegible]യുണ്ടോ?

പാടലബാലാർക്കരശ്മി [illegible]ട്ടി
മൂടൽമഞ്ഞല്പാല്പം മാഞ്ഞ[illegible]ന്നു.
ആ മലർപ്പൊയ്കതൻ ചു[illegible]പാടും
പൂമണം കാററിൽപ്പരന്ന[illegible]ന്നു,
അങ്ങിങ്ങായമ്മരച്ചില്ലക[illegible]ൽ
മർമ്മരമല്പം പൊടിഞ്ഞിത[illegible].
ഉററ സഖികൾ കുളിച്ചി[illegible]മ്പോ-
ളൊററ തിരിഞ്ഞു നീ നി[illegible]ിരുന്നു.
നന്മയും തിന്മയുമാരറിഞ്ഞ[illegible]
നമ്മൾതൻകൺമുനയൊ[illegible]ിടഞ്ഞു—
ആനന്ദസാന്ദ്രമസ്സുപ്രഭാര[illegible]
മാരോമലേ, നിനക്കോ[illegible]യുണ്ടോ?

8—9—1108

Digitized By Kerala Sahitya Akademi

# ആരാധിക

അങ്ങെന്നെ മറക്കില്ലേ
ജീവിതവനികയിൽ
മംഗളവസന്തശ്രീ
വരുന്ന നാളിൽ?

താവകനവനവ
ഭാവനകളുല്ലലാളി
താവിയെൻതരുണിമ
തളിർത്തു നിൽപ്പൂ;

മാമക ചലനങ്ങ
ളാ മനോമുകുരത്തിൽ
മാരിവിൽ മാറി മാറി
വിരിച്ച സൗന്ദര്യം,

ഇല്ലറിയില്ല ലോകം,
ഞാനൊരു നിഴലായി-
ട്ടല്ലിലടിഞ്ഞു മറഞ്ഞു
മറന്നു ലോകം!

ആ മനം ശതാബ്ദങ്ങൾ-
ക്കപ്പുറം, ചക്രവാള-
സീമയിൽപ്പുരട്ടുമാ
സ്സാന്ധ്യരാഗം,



Digitized By Kerala Sahitya Akademi

# ഓണപ്പൂക്കൾ

എൻകരൾത്തുടിപ്പുകൾ-
കൊണ്ടു ഞാനിന്നു കൂട്ടും
കുങ്കുമച്ചാറാണെന്ന-
ന്നാരറിയും?

അന്ധകാരത്തിൽ ഞാൻ നി-
ന്നങ്ങയെ ജ്യോതിർമ്മയ-
ഗന്ധർവ്വമേഖലകൾ
തുറന്നു കാട്ടി.

ലോകവും, ഞാനും, എന്തി-
നല്ലെങ്കിൽബ്ബു പാൻപോലും.
ഹാ, കഷ്ട,മറിഞ്ഞീല-
ന്നാ രഹസ്യം.

കാണികൾക്കഖിലവു-
മത്ഭുതം തോന്നുമൊരു
ചേണഞ്ചും വാനമ്പാടി-
യെന്നപോലെ,

ഗാനത്തിൻ കുളിർത്തെളി-
ത്തേനുതിർത്തുതിർത്തുകൊ-
ണ്ടാനന്ദലോലനായ-
ങ്ങുയർന്നുപോകെ,



Digitized By Kerala Sahitya Akademi

ദൂരത്തിക്കാട്ടുപൂവിൻ-
മാനസമരിമാന-
ധാരയിൽ ത്തുളുമ്പിയ-
താരറിഞ്ഞു?

കിന്നരമേഖലയിൽ
പൊന്നിൽക്കുളിച്ച പല
മിന്നൽക്കൊടികൾ മുന്നിൽ
കുണുങ്ങിനില്ക്കേ,

ദൂരത്തിപ്പുല്ക്കൊടിതൻ
നാമ്പിൽനിന്നുയരുന്നൊരാ
നേരിയ നെടുവീപ്പു-
താരറിഞ്ഞു?

പൂമൊട്ടിൻ കിനാവുകൾ,
പൂവിൻെറ നിരാശകൾ
സോമലേഖകൾ മാഞ്ഞ
പാതിരകൾ!

അല്ലെങ്കിലാശകൾക്കെ-
ന്തർത്ഥമിപ്പുഴിമണ്ണിൽ?—
ഇല്ല മേ പരിഭവം
തെല്ലുപോലും!



Digitized By Kerala Sahitya Akademi

## കാണപ്പൂക്കൾ

കഷ്ട,മീയെന്നെപ്പോലി-
ക്കാനനപ്പുല്ലുകൾക്കും
മൊട്ടിട്ടില്ലന്നുദിന-
മെത്ര മോഹം!

എന്നാലെങ്ങവയിപ്പോൾ?—
ഒന്നൊന്നായടന്നട-
ന്നൊന്നൊഴിയാതഖിലം
മണ്ണടിഞ്ഞു.

എന്നാ,ലന്നതിൻമേന്മ
വർണ്ണിച്ചു പുകഴ്ത്തിയോ-
രന്നത്തെപ്പൂങ്കുയിലി-
ന്നെങ്ങുപോയി?—

ഇല്ലില്ലൊരർത്ഥവുമി-
ങ്ങാശകൾക്കു,വിട്ടത്തോ-
ട്ടില്ല മേ പരിഭവം
തെല്ലുപോലും!

പോവുക, വിജയശ്രീ
പൂമാലയേന്തിനില്പൂ
മേവിടാം ഞാൻ തനിച്ചീ
മൂടൽമഞ്ഞിൽ!



Digitized By Kerala Sahitya Akademi

അങ്ങെന്നെക്കുറിച്ചിനി-
യോർത്തിടേണ്ടൊരു നാളും
മംഗളാശംസ ചെയ്തു
മടങ്ങുന്നേൻ ഞാൻ!

12 — 9 — 1115.

---

അഴലിൻ ഗ്രീഷ്മാന്തത്തി-
ലാകിലെ,ന്താത്തോദാര-
മഴകിൻ നിലാവുമാ-
യെത്തി നീ ശശിലേഖേ!

ഇത്ര നേരവുമൂഷ്മാ-
വുയർന്നു പരന്നൊരി-
ത്തപ്താന്തരീക്ഷത്തിൽ, നീ-
യമൃതം തളിച്ചല്ലോ!

ആശകൾ നക്ഷത്രങ്ങൾ
ചൂടി നിന്നിതാ, നിന-
ക്കാശിസ്സു നേരുംനേരം
ചിരിപ്പൂ വെൺമേഘങ്ങൾ!

24—9—1119

---



Digitized By Kerala Sahitya Akademi

## ക്ഷമാപണം

സേവനോൽക്കൃഷ്ടമാം സ്നേഹത്തിൽവാടാത്ത
ഭാവുകദീപം കൊളുത്തിയ നിൻഗൃഹം,
നിത്യവൃത്തിക്കുള്ള ജോലിത്തിരക്കിനാ-
ലത്യന്തതാന്തമാമെൻജീവിതത്തിനെ,
കാത്തുനില്ക്കുന്നു വിദൂരത്തു ചുററിലും
പൂത്ത മരങ്ങളാമാളിമാരൊത്തതാ!

മാപ്പെനിക്കേകുക മനസ്വിനി, ജീവിത-
ത്തോപ്പിൽ ഞാൻ നിന്നെത്തനിച്ചുനിർത്തുന്നതിൽ!
പങ്കെടുക്കാനാശയില്ലായ്കയല്ലെനി-
ക്കൻപോടതിന്റെ വസന്തോത്സവങ്ങളിൽ.
എന്തുചെയ്യട്ടെ പരതന്ത്രത വന്നു
മുൻപിൽ നില്ക്കുന്നു ശകുനം മുടക്കുവാൻ!
സംതൃപ്തനാണു ഞാ,നെങ്കിലും സാധ്വി,നിൻ-
സമ്പൂതരാഗവിഭവസമൃദ്ധിയിൽ!
ആഗമിച്ചില്ലായിരുന്നു നീയെങ്കി,ലെ-
ന്താശാരഹിതമായ്ത്തീർന്നേനെ ജീവിതം!
എന്നിട്ടു,മൊററയ്ക്കൊഴിച്ചു നിർത്തുന്നു, ഹാ,
നിന്നെ ഞാൻ—ഭദ്രേ, പൊറുക്കുകെൻസാഹസം!

വാരിവിതറി വിരിച്ചുതരിക നീ
വാടാമലരുകളെൻവഴിത്താരയിൽ!

15—2—1119



Digitized By Kerala Sahitya Akademi

നീരാളസാരിയുലഞ്ഞും, നിരുപമ-
നീലാളകങ്ങളിളകിയുമ്നും;
മുത്തണിമാലകൾ മിന്നിയ മാറിലെ
നൽത്തങ്കത്താമരമൊട്ടുലഞ്ഞും;
ഓരോ കാൽവെയ്പിലും മഞ്ജീരശിഞ്ജിത-
ധാരകളങ്ങനെ നിർഗ്ഗളിച്ചും;
താളമേളങ്ങൾക്കിടയി;ലിളങ്കാററി-
ലാലോലമാലതിവല്ലിപോലെ;
ആരോ മയങ്ങുമാറാനന്ദലോലയാ-
യാ രാവിലുർവ്വശി നൃത്തമാടി!

നാണത്തുടുത്തുടുപ്പോമൽക്കവിൾക്കൂമ്പിൽ
മാണിക്യരശ്മികൾ വീശിനിൽക്കേ;
മന്ദ്രമധുരമായ് മീട്ടിനാർ വീണകൾ
സുന്ദരകിന്നരകന്യകകൾ!

കേവലമാനന്ദസ്തബ്ധനായ് ദേവേന്ദ്രൻ
ദേവസദസ്സൊന്നിളകിപ്പോയി.
മൽക്കലാസങ്കല്പകല്പകപ്പൂമൊട്ടി-
നക്കാഴ്ചയേകീ വികാസഹാസം!!........

5—7—1111

— -ഠഃഢഃഠ- —



Digitized By Kerala Sahitya Akademi

# ക്ഷാമയക്ഷി

അടിയട്ടേ, ചെങ്കാലടിയട്ടേ, വേഗ-
മരിവാളിൻകാലമണയട്ടേ!
വറുതികൊണ്ടയ്യോ, വരളുന്നൂ ലോകം
വരിക നീ ധാന്യസുലഭതേ!
കൊടിയ ദുർഭിക്ഷരുധിരയക്ഷിതൻ-
കുടിലദംഷ്ട്രകൾക്കിടയിലായ്,
പതിതജീവിതം ചിറകൊടിഞ്ഞാർത്തു
പരമദീനമായ്പ്പിടയുന്നു.
തെരുവുകൾതോറും, വരളും തൊണ്ടയിൽ
മരണദണ്ഡം നിന്നലറുന്നു.
വിഷമയങ്ങളാം വിവിധരോഗങ്ങൾ
വിഹരിപ്പൂ വിശ്വം മുഴുവനും.
എവിടെയും ക്ഷാമം, ദുരിതം, ദുർഭിക്ഷ-
മെവിടെയാണിവയ്ക്കവസാനം?

മഴ വീഴാതില്ല, വെയിൽ വീശാതില്ല
മഹിമതൻ വീട്ടിൽ, മലനാട്ടിൽ.
മകരമഞ്ഞത്തിത്തഴകിയാൽപ്പിന്നെ
മലരിടാതില്ല മരമൊന്നും.
ഇടവപ്പാതിതന്നുതിയിൽ,പ്പച്ച-
പ്പുടവ ചാർത്തുന്നു വയലുകൾ;
അവയെപ്പുൽകുമ്പോൾ പുളകംപൂണ്ടവോ-
ലലകൾ ചാഞ്ചാട്ടമരുവികൾ;



Digitized By Kerala Sahitya Akademi

അജകിശോരങ്ങളുഴകിൽപ്പുല്ലുമേ-
ഞ്ഞലയുമോമൽപ്പുൽത്തകിടികൾ;
അരിയ സസ്യശ്രീ കളിയാടും നാനാ
ഹരിതമോഹനവനികകൾ;
കരളിലാനന്ദം പകരുവാൻ, നേർത്ത
കളകളം പെയ്യും പറവകൾ;
മഹിതം സമ്പന്നം മലനാ,ടെന്നിട്ടും
മതിയായില്ലെന്നോ വിഭവങ്ങൾ?
അഴകും, ശാന്തിയും, സുഖദാരോഗ്യവും
അലരുതിക്കുന്നോരിവിടത്തിൽ,
ഉരിയരിക്കഞ്ഞിക്കൊരുവഴിയില്ലാ-
ത്തുഴറുന്നോ, കഷ്ടം,മൃഗങ്ങളും?
അരിയ കൽപകനിരകൾതൻ നാട്ടി-
ലലയുന്നോ മേന്മേലഗതികൾ?
ഭുവനത്തിലെങ്ങുണ്ടിവിടത്തെപ്പോലു-
ള്ളവധിയില്ലാത്ത വിഭവങ്ങൾ?
ഫലമെ,ന്തെന്നിട്ടു,മിതുപോൽ മറെറങ്ങു-
ണ്ടുലകി,ലുൽക്കടദുരിതങ്ങൾ!!

ധനഗർവ്വത്തിൻെറ സുഖമദം പോണം
ജനത സസ്യശ്രീ പുണരണം.
അടിമയും പാടില്ലുടമയാനും പാടി-
ല്ലഖിലരുമൊന്നായമരണം.
തൊഴിലിൻക്ഷേത്രത്തിൽസ്സസുഖമെല്ലാരും
തൊഴുകൈയർച്ചിച്ചു കഴിയണം!



Digitized By Kerala Sahitya Akademi

അടിയറ്റട്ടെ, ചെങ്കോലടിയറ്റട്ടെ വേഗ-
മരിവാളിൻകാലമണയട്ടേ!!

6—11—1118

---

യാത്രയോതിപ്പൂവാൻ പോയൊരാ വീഥിയിൽ
പൂത്തുപൂത്താടിയ സായാഹ്നദീപ്തികൾ;
അന്നെന്റെ ചിന്തയിൽ പൂശിയ സൗരഭ-
മിന്നും തനിച്ചിരുന്നാസ്വദിക്കുന്നു ഞാൻ!

ആ വഴിത്താരക്കിരുവക്കിലും, തളിർ-
ത്തുവാലയാട്ടിക്കുണുങ്ങീ ലതികകൾ!
പിന്നാലെയെൻമിഴിക്കോണുകൾ പായിച്ചു
നിന്നിതത്തൈമരം ചാരി വീർപ്പിട്ടു ഞാൻ.

ചേലിൽത്തലതിരിച്ചെൻ നേർക്കിടക്കിട-
ക്കാലക്ഷ്യമാക്കിയെറിഞ്ഞ മിന്നൽപ്പിണർ,
അപ്പോഴെല്ലാമെൻ ശിരസ്സു താഴ്ത്തിച്ചതോ-
ടൊപ്പമൊ,ന്നിക്കിളിയാക്കി മൽച്ചിത്തവും!

2—11—1118

---



Digitized By Kerala Sahitya Akademi

## ചാരിതാർത്ഥ്യം

വിമലേ, വിശാലമാം
ലോകത്തി,ലങ്ങിങ്ങായി
വിഹരിച്ചിരുന്ന നാ-
മെങ്ങനെയടുത്തെത്തി?

പനിനീർപ്പൂമൊട്ടുപോൽ,
കൗതുകം കസവിട്ട
പരിശുദ്ധിയി,ലെന്റെ
കൗമാരം വിടർന്നപ്പോൾ,

ആശകളോളുംവെട്ടം
ഏറ്റുമായ്, വിജയത്തിൻ-
പേശലകരാശ്ലേഷ-
മേല്ക്കുവാനുഴറി ഞാൻ.

വെളിച്ചം തളിച്ചെത്തും
പകലിൽ, സൗഭാഗ്യത്തിൻ-
കളിവാർമലക്കാവിൽ,
ചാഞ്ചാടീ നിഴലുകൾ!

കിളരും പ്രതീക്ഷകൾ
സർവ്വവും തഴച്ചുയ-
ർന്നിളകിച്ചെന്നൊന്നിച്ചു
പൂത്തു കാണ്മുവാൻ പോയാൽ,



Digitized By Kerala Sahitya Akademi

## ഓണപ്പൂക്കാലം

പൂവനമാവില്ലല്ലോ
ജീവിതം, മത്തുപിന്നെ-
കേവലം വനം മാത്രം—
സമ്പൂർണ്ണസംതൃപ്തൻ ഞാൻ!

വൻപിച്ച ഫലവൃക്ഷ-
മൊന്നുമി,ല്ലെന്നാലെന്തീ-
ചെമ്പനീർപ്പൂന്തോപ്പെനി-
ക്കേകിയല്ലോ, ഹാ, ദൈവം!

അത്ഭുതമെനിക്കെന്റെ
ജീവിതഗതിഭേദ-
മത്ഭുതമാണേവം നി-
ന്നാഗമോത്സവവും മേ!!

൧—11—111൯

മർത്ത്യതയുടെ മായയ്ക്കുമപ്പുറം
നൃത്തമാടും സനാതനസത്യമേ!
വിശ്വമൊട്ടുക്കണച്ചു തഴുകിടും
വിസ്മയാവഹനിത്യസൗന്ദര്യമേ!
തുച്ഛമാകുമീ മൺകുടിലിങ്കലും
തുഷ്ടിയാൽ, നിൻവിളക്കു കൊളുത്തി നീ!!

12—10—1111



Digitized By Kerala Sahitya Akademi

## ചങ്ങമ്പുഴ കൃതികൾ (തുടർച്ച)

| | | | |
|---|---|---|---|
| മൌനഗാനം | 1 | 0 | 0 |
| നിർവ്വാണമണ്ഡലം | 0 | 12 | 0 |
| അസ്ഥിയുടെ പൂക്കൾ | 0 | 12 | 0 |
| പാടുന്ന പിശാച് | 2 | 0 | 0 |
| മദിരോത്സവം | 2 | 0 | 0 |
| സ്വരരാഗസുധ | 2 | 0 | 0 |
| ഉദ്യാനലക്ഷ്മി | 1 | 2 | 0 |
| മണിവീണ | 0 | 12 | 0 |
| മാനസേശ്വരി | 0 | 6 | 0 |
| മയൂഖമാല | 0 | 9 | 0 |
| സുധാംഗദ | 0 | 15 | 0 |
| അമൃതവീചി | 0 | 12 | 0 |
| പെല്ലീസും മെലിസാന്ദയും | 1 | 8 | 0 |
| മാനസാന്തരം | 1 | 8 | 0 |
| പ്രതികാരദുർഗ്ഗ | 2 | 8 | 0 |
| കഥാരത്നമാലിക | 1 | 2 | 0 |
| നീറുന്ന തീച്ചൂള | 1 | 4 | 0 |
| തളിർത്തൊത്തുകൾ | 1 | 0 | 0 |
| രാഗപരാഗം | 1 | 0 | 0 |
| ഹനേലെ | 1 | 8 | 0 |
| നർത്തകി | 0 | 8 | 0 |
| ശ്മശാനത്തിലെ തുളസി | 0 | 12 | 0 |
| പൂനിലാവിൽ | 1 | 8 | 0 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ | 5 | 0 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |
| വസന്തോത്സവം | 0 | 12 | 0 |
| ശിഥിലഹൃദയം (ചെറുകഥകൾ) | 1 | 0 | 0 |

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴ കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | |
| അപരാധികൾ | 1 | 0 | 0 |
| ദിവ്യഗീതം | 1 | 8 | |
| കാണാപ്പൂക്കൾ | 1 | 0 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| ആകാശഗംഗ | 1 | 0 | 0 |
| കളിത്തോഴി | 2 | 8 | 0 |
| വത്സല | 0 | 8 | 0 |
| ആരാധകൻ | 0 | 8 | 0 |
| മോഹിനി | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| തിലോത്തമ | 0 | 8 | 0 |
| കലാകേളി | 0 | 12 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| ചൂഡാമണി | 1 | 0 | 0 |
| കരടി | 0 | 8 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| യവനിക | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| നിർവൃതി | 0 | 8 | 0 |
| ദേവയാനി | 0 | 8 | 0 |
| മഞ്ഞക്കിളികൾ | 1 | 0 | 0 |
| കല്ലോലമാല | 1 | 4 | 0 |

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi